സ്വാമി ശരണം
# അയ്യപ്പവാണി
अय्यप्पवाणि വെബ് വാർത്താമാസിക
ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)
പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008
അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൾ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.
വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com



ക്രമ നം. അയ്യപ്പവാണി –
03/2023 (ഉത്രം പതിപ്പ്)
ബുധനാഴ്ച, 08 മാർച്ച് 2023
( 28 കുംഭം 1198)
യുഗാബ്ദം 5124

ഹരിവരാസനം – ഭാഗം 2: ഡോ. എം. വി. നടേശൻ.
ഷോഡശ സംസ്കാരങ്ങൾ, ഭാഗം 3 : ഡോ. വിശ്വനാഥൻ നമ്പൂതിരി
മഹാശിവരാത്രി · വിക്രമാദിത്യ ചക്രവർത്തി · ദ്വേഷ്യം – അമൃതാനന്ദമയി അമ്മ
പൗർണ്ണമിക്കാവ് – അക്ഷരദേവതാ ക്ഷേത്രം · പാലം കല്യാണസുന്ദരം – പത്മശ്രീ 2023.
സുഭാഷിതം – 38 · ഗീതാ ശ്ലോകങ്ങൾ – അധ്യായം 2– (6–10)
ക്വിസ് –23 · വാർത്തകൾ · അയ്യപ്പയോഗം – സമയക്രമം, വിഷയങ്ങൾ

## അയ്യപ്പയോഗം
## മാതൃകാ സമയക്രമം, വിഷയങ്ങൾ

(അവസാന പേജ് കാണുക)

# ഹരിവരാസനത്തിന്റെ ബഹുസ്വരത–2

(ഡോ.എം.വി.നടേശൻ, പ്രൊഫ. റിട്ട.
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി)






ശബരിമലയിൽ കുടികൊള്ളുന്ന ഭഗവാൻ ശ്രീ അയ്യപ്പൻ ധർമ്മശാസ്താവിന്റെ അവതാരമാണ്. ധർമ്മ ശാസ്താവിന്റെ അവതാര ലീലകളും മറ്റും വിവരിക്കുന്നത് സ്കന്ദ പുരാണത്തിലാണ്. അയ്യപ്പന്റെ ജനനവും തുടർന്നുള്ള സംഭവങ്ങളും നടക്കുന്നത് കേരളീയ പരിസരത്താണ്. അതുസംബന്ധിച്ച വിവരണങ്ങൾ പ്രധാനമായും ലഭിക്കുന്നത് വ്യത്യസ്തമായ പ്രാദേശിക ആഖ്യാനങ്ങളിലൂടെയാണ്. വാമൊഴിയായി കൈമാറി വന്ന കഥകളും, പാട്ടുകളും, കീർത്തനങ്ങളും മറ്റുമായാണ് അവ നിലനിൽക്കുന്നത്.

അങ്ങനെ വരുമ്പോൾ അയ്യപ്പതത്ത്വത്തെ അറിയുന്നതിലേക്ക് നയിക്കുന്ന കഥാഭാഗത്തിനായി പുരാണ കഥകളേയും മലനാട്ട് സംസ്കൃതിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന പുരാവൃത്തങ്ങളേയും കൂടി ആശ്രയിക്കേണ്ടതുണ്ട്. അങ്ങനെയല്ലാതെ വരുമ്പോഴാണ് ഹരിവരാസനത്തിൽ പറയുന്ന സങ്കല്പങ്ങൾ അയ്യപ്പനുമായി ഒത്തു ചേരാത്തതാണെന്ന സംശയം ചിലരിലെങ്കിലും ഉദിക്കുന്നത്.

ദേവതാരാധനകൾക്കായി നിലവിലുള്ള തന്ത്രശാസ്ത്രത്തിൽ അയ്യപ്പന്റെ പൂജാവിധാനം പ്രത്യേകം കാണുന്നില്ല. ധർമ്മശാസ്താവിനായി പറഞ്ഞിരിക്കുന്ന രീതി തന്നെയാണ് അയ്യപ്പപൂജയക്കും അനുവർത്തിച്ചു പോരുന്നത് . തന്ത്രശാസ്ത്രത്തിൽ ശൈവം, വൈഷ്ണവം, ശാക്തേയം, കൗമാരം, ഗാണപത്യം, സൗരം – എന്നിങ്ങനെയുള്ള ആറ് സമ്പ്രദായങ്ങളേയാണ് വിസ്തരിച്ചിരിക്കുന്നത്. ഇക്കാരണങ്ങളാൽ അയ്യപ്പൻ എന്നത് ഒരു ദേവതയല്ലെന്നും ഇപ്പോൾ കാണുന്നതാകട്ടെ

ബുദ്ധനാണെന്നുമാണ് ഒരു വിഭാഗം ഉയർത്തുന്ന വാദം. ശ്രീബുദ്ധന് ശാസ്താവെന്ന പേരുള്ളതും, ശരണം വിളിയും, കാട്ടിൽ ആരാധനാലയം പണിയുന്ന രീതിയും, ശാസ്താവിഗ്രഹങ്ങൾക്ക് ബുദ്ധ വിഗ്രഹങ്ങളുമായുള്ള സമാനതകളും, യോഗി ഭാവത്തിലുള്ള ഇരിപ്പും സൂചിപ്പിക്കുന്നത് അതാണെന്നും ഇവർ ആധികാരികമായി പ്രസ്താവിക്കാറുമുണ്ട്. ഇവിടെ മനസിലാക്കേണ്ടത് ഹൈന്ദവ സമ്പ്രദായത്തിലെ ദേവതാ സങ്കല്പങ്ങളിലെ വൈവിധ്യത്തെയും അതിലെ ഏകതയുമാണ്.

"ആകാശാത് പതിതം തോയം യഥാ ഗഛതി സാഗരം സർവദേവനമസ്കാരം കേശവം പ്രതി ഗഛതി" – എന്ന ശ്ലോകത്തിൽ പറയുന്നത് പോലെ വിവിധ രൂപത്തിലാണെങ്കിലും ആത്യന്തികമായി ഒരേ ചൈതന്യത്തിനെ തന്നെയാണ് ആരാധിക്കുന്നത്. ഇതാണ് ആഗമശാസ്ത്രത്തിന്റെ നിലപാട്. സൃഷ്ടി ചൈതന്യമായ ഹരിയുടേയും, സംഹാരചൈതന്യമായ ഹരന്റേയും ശ്രേഷ്ഠമായ സ്വരൂപത്തെയാണ് അയ്യപ്പ പൂജയുടെ പരമമായ തത്ത്വമെന്ന സന്ദേശമാണ് ഹരിവരാസനം നൽകുന്നത്.

മഹാവിഷ്ണുവിന്റെ പത്ത് അവതാരങ്ങൾ മാത്രമേയുള്ളൂ എന്നൊരു വിശ്വാസമുള്ളതിനാൽ പൊതുവേ മറ്റ് അവതാരങ്ങളെ ഉൾക്കൊള്ളാൻ ചിലർക്കെങ്കിലും കഴിയാറില്ല. "അവതാരോ ഹ്യനന്താഃ" എന്ന ഭാഗവത പുരാണത്തിലെ ഉപദേശമാണ് ഇതിന് ഉത്തരം. അതായത് ഓരോ കാലഘട്ടങ്ങളിലും പലരൂപത്തിലും ഭാവത്തിലുമാണ് അവതാരങ്ങൾ സംഭവിക്കുന്നത്. അതെപ്പോഴും സംഭവിച്ചു കൊണ്ടേയിരിക്കും. ഇങ്ങനെയുള്ള എല്ലാ അവതാരപുണ്യങ്ങളുടേയും ലക്ഷ്യം ഭഗവാൻ ഭഗവദ്ഗീതയിൽ പറഞ്ഞതുപോലെ ധർമ്മ സംരക്ഷണമാണ്. അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഇല്ലാതാക്കാൻ സദാചാരത്തേയും ധാർമ്മികമായ സങ്കല്പങ്ങളേയും പകർന്നു നൽകിയാണ് അവതാരങ്ങളോരോന്നും തങ്ങളുടെ ദൗത്യം നിർവഹിച്ചിരുന്നത്. പന്തളം മന്നൻ എടുത്തു വളർത്തിയ പൈതൽ ആയോധനകലകളടക്കമുള്ള വിജ്ഞാനത്തെ അഭ്യസിച്ച് അക്കാലത്ത് നിലവിലുണ്ടായിരുന്ന ദുരാചാരങ്ങളോരോന്നും ഇല്ലാതാക്കി. അക്രമികളെ അമർച്ച ചെയ്തു. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണ് ഈ നാട്' എന്ന് കാണിച്ച് കൊടുത്തു. ഇപ്രകാരമുള്ള ദൗത്യങ്ങൾ നിർവഹിച്ചതിന് ശേഷം തന്റെ സ്വരൂപമായ ധർമ്മശാസ്താ ചൈതന്യത്തിൽ വിലയം പ്രാപിച്ചു. അതുകൊണ്ട് അയ്യപ്പപൂജയെന്നത് ശ്രീധർമ്മശാസ്താ പൂജതന്നെയാണ്. ഈ സങ്കല്പത്തെ പ്രകീർത്തിച്ചും വിഭൂതികളെ വർണിച്ചും നിരവധി രചനകൾ പിൽക്കാലത്ത് ഉണ്ടായിട്ടുണ്ട്. കീർത്തനം, പാട്ട്, സുപ്രഭാതം, സഹസ്രനാമം, അയ്യപ്പഭാഗവതം എന്നിങ്ങനെയുള്ള പലതരത്തിലുള്ള സാഹിത്യ സൃഷ്ടികൾ ആധുനിക കാലത്ത് വന്നിട്ടുണ്ട്. അങ്ങനെ ലഭിച്ച കൃതികളിൽ അയ്യപ്പസ്വാമിയുടെ കൈയ്യൊപ്പ് ചാർത്തിയ

തിരുമന്ത്രമാണ് ഹരിവരാസനം. താരാട്ട് പാട്ട് കേൾക്കാൻ കൊതിച്ച അയ്യപ്പൻ ജാനകിയെന്ന അമ്മയെ അനുഗ്രഹിച്ച് എഴുതിച്ചതാണിത് എന്ന് ചിലർ നിരീക്ഷിക്കുന്നു. എന്തായാലും സാമവേദം നാവിലു ണർത്തിയ അയ്യപ്പസ്വാമിയുടെ ആത്മാംശം നിറഞ്ഞി രിക്കുന്നതിനാലാണ് ഹരിവരാസനം ഭക്തകോടികളുടെ പുണ്യ നൈവേദ്യമായി തീർന്നത് എന്നത് ഭക്ത ജനങ്ങളുടെ അനുഭവമാണ്.

യഥാർത്ഥത്തിൽ ഹരിവരാസനത്തിലെ ഓരോ പദവും പ്രധാനമായും വർണിക്കുന്നത് ശ്രീധർമ്മ ശാസ്താവിനേയാണ്. ആന്തരികവും ആധ്യാത്മികവുമായ വിലയിരുത്തലിലാണ് അയ്യപ്പസ്വാമിയുടേയും ശ്രീധർമ്മ ശാസ്താവിന്റേയും സ്വരൂപസമാനത അറിയാനാകുന്നത്. ഇത്തരത്തിലുള്ള സമാനതയെ അറിയാൻ ആദ്യം വേണ്ടത് സമാനതകൾ ഇല്ലാത്തതെന്ന് തോന്നുന്ന ഘടകങ്ങളെ വേർതിരിച്ചറിയുകയാണ്. ദ്വൈതത്തിൽ നിന്നുമാണ് അദ്വൈതത്തിലേക്ക് എത്തുന്നത്. 'ശ്രീഅയ്യപ്പസത്യങ്ങൾ' എന്ന കൃതിയിൽ ആചാര്യൻ ശ്രീമദ് ഹരി സ്വാമികൾ ഇത് സംബന്ധിച്ച് നൽകിയ വിവരണം ഇങ്ങനെയാണ്.

| | |
|---|---|
| ശ്രീധർമ്മശാസ്താ | സ്വാമി അയ്യപ്പൻ |
| രാജഭാവം | യോഗീഭാവം |
| ഭസ്മക്കുറി | ഗോപിക്കുറി |
| മൂന്ന് കണ്ണുകൾ | രണ്ടു കണ്ണുകൾ |
| സ്വർണ കിരീടം | കെട്ടിയ മുടി |
| വരമുദ്ര | ജ്ഞാന മുദ്ര |
| ഭാര്യാപുത്രസമേതൻ | നൈഷ്ഠിക ബ്രഹ്മചാരി |
| നീലവസ്ത്രം | കറുപ്പ് വസ്ത്രം |
| സിംഹാസനത്തിൽ ഇരിക്കുന്നു | പീഠത്തിൽ ഇരിക്കുന്നു |
| വാജിവാഹനൻ | പുലിവാഹനൻ |

ഇങ്ങനെ നോക്കിയാൽ ശ്രീധർമ്മശാസ്താവിന്റേയും അയ്യപ്പന്റേയും ആകാരവും, വാഹനവും, ശരീരഭാഷയും വ്യത്യാസപ്പെട്ടാണ് ഇരിക്കുന്നതെന്ന് കാണാം.

തുരഗവാഹനം, സുപ്രഭാഞ്ചിതം, ത്രിദശപൂജിതം, ത്രിനയനം, ധവളവാഹനം, കളഭകേസരീ, വാജി വാഹനം തുടങ്ങിയ പദങ്ങൾ ചൂണ്ടിക്കാട്ടി ഇതൊന്നും തന്നെ അയ്യപ്പസ്വാമിയുടെ കഥകളിൽ നിന്നും അറിഞ്ഞ സങ്കല്പവുമായി ഒത്തുചേരുന്നതല്ല; അതുകൊണ്ട് ഇതൊരു ഉത്തമ കൃതിയായി കണക്കാക്കാൻ കഴിയില്ല എന്നും ആരോപിക്കുന്നുണ്ട്. ഇത്തരം സംശയങ്ങളുടെ വസ്തുത മനസ്സിലാക്കാൻ ഈ വൈവിധ്യത്തെ ശരിക്കും മനസിലാക്കണം.

ഇങ്ങനെ പുറമെ വൈവിധ്യമുണ്ടെന്ന് തോന്നുന്ന വയുടെ (ദ്വൈതമെന്ന് തോന്നുന്ന) ആന്തരികമായ ഏകതയെ തിരിച്ചറിയുകയുകയും അനുഭവിക്കുകയും ചെയ്യുന്നതാണ് സനാതന ധർമ്മത്തിന്റെ അടിസ്ഥാന ആശയം. അതിനായി പലതരത്തിലുള്ള മാർഗങ്ങളുണ്ട്.

ചുരുക്കത്തിൽ ബഹുസ്വരതയിൽ ഏകസ്വരത്തെ അനുഭവിക്കുന്നതാണ് ആദ്ധ്യാത്മികതയുടെ ഉള്ളടക്കം.

**അതിസമ്മതമായ രചനാ ശില്പം.**

'അതിസമ്മതാ' എന്ന വൃത്തത്തിലും അതീവ ഹൃദ്യമായ 'മധ്യമാവതി' രാഗത്തിലും തീർത്ത രചനാ ശില്പമാണ് ഹരിവരാസനം എന്നകാര്യം ഏവർക്കും അറിയാമല്ലോ. പതിനൊന്നു അക്ഷരങ്ങളുള്ള വരികളാണ്സമ്മതാവൃത്തത്തിലുള്ളത്. ഹരിവരാസനത്തിലെ മുപ്പത്തിരണ്ട് വരികളിൽ ഒരു വരി മാത്രം പന്ത്രണ്ട് അക്ഷരങ്ങളുള്ളതാണ്. ആദ്യത്തെ ശ്ളോകത്തിലെ രണ്ടാമത്തെ വരിയായ 'ഹരിദധീശ്വരം ആരാധ്യപാദുകം' എന്നിടത്താണത്. അങ്ങനെ വരുമ്പോൾ ഇവിടെ വൃത്തഭംഗം വന്നിരിക്കുന്നു. ഇതൊരു ആക്ഷേപമാണ്. കൂട്ടക്ഷരങ്ങൾ ശിഥിലമാക്കിയും ശിഥിലമായവയെ കൂട്ടിച്ചേർത്തും വൃത്തരക്ഷ ചെയ്യാമെന്നൊരു രീതി പൊതുവേ പണ്ഡിതന്മാരുടെ ഇടയിലുണ്ട്. അതുകൊണ്ട് 'ഹരിദധീശ്വരാരാധ്യപാദുകം' എന്ന രീതിയിൽ വരികൾ ഒന്നാക്കി ഹരിവരാസനത്തിന്റെ വൃത്തരക്ഷചെയ്യണം എന്നാണ് ചിലർ പരിഹാരം നിർദ്ദേശിക്കുന്നത്. ശബരിമല ക്ഷേത്രത്തിൽ അത്താഴപൂജയുടെ ഭാഗമായി ഉറക്കുപാട്ടെന്ന സങ്കല്പത്തിൽ കേൾപ്പിച്ചു കൊണ്ടിരിക്കുന്ന കീർത്തനം പിൻവലിച്ച് വൃത്ത ദോഷം പരിഹരിച്ച പാഠം യേശുദാസിനെ കൊണ്ട് തന്നെ വീണ്ടും പാടിപ്പിച്ച് കേൾപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് മറ്റൊരു നിർദേശം. 'അരിവിമർദ്ദനം' എന്ന പദത്തിന്റെ ഉച്ചാരണം ശരിയാക്കാൻ ഒരുതവണ റീറെക്കോഡ് ചെയ്തതാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.

ഇങ്ങനെ ഓരോ കാലത്തും ഉണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കാൻ തുടർച്ചയായി ആലാപനം മാറ്റിക്കൊണ്ടിരുന്നാൽ കൃതിയുടെ വിശ്വാസ്യത നഷ്ടമാകാനും അതിന്റെ മന്ത്രസിദ്ധിക്ക് ലോപം വരാനും കാരണമായേക്കില്ലേ!. മാത്രമല്ല ഇക്കാലമത്രയും കേട്ടത് തെറ്റായിരുന്നു എന്ന കാഴ്ചപ്പാട് ഭക്തർക്ക് ഉണ്ടാകുകയും ചെയ്യും. ഇത് ഭക്തമനസിലുണ്ടാക്കുന്ന മുറിവ് വലുതായിരിക്കും.

"ന ബുദ്ധി ഭേദം ജനയേത്" എന്ന ഗീതാചാര്യന്റെ ഉപദേശം ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്.

ഇത്തരം സാഹചര്യങ്ങളിലൊക്കെ, പ്രയോഗിച്ചതിന്റെ സാധുതയെ അംഗീകരിക്കുന്ന (സ്ഥിതസ്യ ഗതിശ്ചിന്തനീയ:) ഭാഷാ സമീപനമാണ് പാണിനി, പതഞ്ജലി, ഭർത്തൃഹരി, നാഗേശഭട്ടൻ, മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട് തുടങ്ങിയ ആചാര്യന്മാരിലൂടെ വളർന്നു വന്നിട്ടുള്ള വ്യാകരണശാസ്ത്രം എക്കാലവും സ്വീകരിച്ചു പോരുന്നത് എന്ന വസ്തുത കാണാതെ പോകരുത്. പാണിനി മഹർഷിയുടെ 'അഷ്ടാധ്യായീ സൂത്രങ്ങൾക്ക്' ഇതുപോലെ ചില ഇളക്കി പ്രതിഷ്ഠകൾ നടത്തണമെന്ന കാത്യായനന്റെ വാദമുഖങ്ങൾ

തലനാരിഴയ്ക്ക് വിശകലനം ചെയ്ത് പതഞ്ജലി മഹർഷി അവതരിപ്പിക്കുന്ന ചർച്ചകൾ ഇത്തരം സംശയങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്. ആചാര്യന്റെയും ശാസ്ത്രത്തിന്റെയും താല്പര്യം മനസിലാക്കാതെ പദങ്ങൾ ഒഴിവാക്കുന്നതും കൂട്ടിച്ചേർക്കുന്നതും ശരിയല്ല എന്നാണ് മഹാഭാഷ്യമെന്ന ഗ്രന്ഥത്തിലെ ഇതുസംബന്ധിച്ച അടിസ്ഥാന ആശയം. ഹരിവരാസനത്തിന്റെ കാര്യത്തിലും ഇത് തന്നെയാണ് പ്രമാണമായി സ്വീകരിക്കേണ്ടത്.

അതോടൊപ്പം ഇവിടെ തെറ്റ്പറ്റിയതാണോ അതോ പന്ത്രണ്ട്അക്ഷരങ്ങളിൽതന്നെനിലനിൽക്കുന്നതാണോ നല്ലത് എന്ന് അന്വേഷിക്കുന്നതാവും കൂടുതൽ നന്നായിരിക്കുക. ശിഷ്ടജനങ്ങൾ ഇതുപോലെയുള്ള സാഹചര്യങ്ങളിൽ സ്വീകരിച്ച നിലപാടുകൾ എന്തായിരുന്നു എന്നതാണ് ഇവിടെ മാതൃകയായി സ്വീകരിക്കേണ്ടത്.

സാഹിത്യ നിപുണൻ പ്രൊഫ.പി.സി. വാസുദേവൻ ഇളയത് 'ശബരീശഗീതാഞ്ജലി'യെന്നൊരു കീർത്തനം (1965) സംസ്കൃത ഭാഷയിൽ അഷ്ടകമായി എഴുതിയിട്ടുണ്ട്. അതിലദ്ദേഹം ഇതേ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. "സമ്മതാപ്രസ്താരം" എന്നാണതിനെ വിശേഷിപ്പിച്ചത്. 'ഹരിഹരാർച്ചനം' എന്നാണ് അതിന് പേര്. കൃഷ്ണനാട്ടത്തിന് മാനവേദൻ രചിച്ച കൃതിയിലെ –

"ക്വനു ഭവാനിമാ ദാസികാരയാദ്

വ്യസനസാഗരേ പാതയന്നയാദ്" എന്നഭാഗവും, മേൽപ്പത്തൂർ നാരായണ ഭട്ടതിരിയുടെ നാരായണീയത്തിലെ 'ഗോപികാഗീത'വും ഇതുപോലെ സമ്മതാപ്രസ്താരത്തിൽ രചന നിർവഹിച്ച കാര്യവും, ഭക്തിഭാവത്തിനിണങ്ങുന്ന 'അതിസമ്മതാവൃത്തം' ഉടുക്കിന്റെ താളത്തിനൊത്ത് പാടാൻ കഴിയുന്നതാണെന്ന അനുഭവ സാക്ഷ്യവും ഇളയത് മാസ്റ്റർ മുഖവുരയിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. അനുമോദന പത്രിക എഴുതിയ കുട്ടിക്കൃഷ്ണമാരാർ, ആശംസകൾ അർപ്പിച്ച് മൃഡാനന്ദ സ്വാമികൾ, വ്യാഖ്യാനം എഴുതിയ സി.പി.കൃഷ്ണൻ ഇളയത്, അവതാരിക എഴുതിയ സാഹിത്യ നിപുണൻ എൻ.ഡി. കൃഷ്ണനുണ്ണി തുടങ്ങിയ പ്രഗത്ഭമതികൾ ഇതിനെ ആദരവോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പറഞ്ഞ മനീഷികൾ ഭാഷാപ്രയോഗത്തിന്റേയും വിജ്ഞാനത്തിന്റെയും കാര്യത്തിൽ പ്രാമാണികന്മാരാണെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇത് പണ്ഡിതന്മാരുടെ ബൗദ്ധികവ്യവഹാരം മാത്രമല്ലേ, ആദ്ധ്യാത്മികതയുടെ കാര്യത്തിൽ എന്താണ് പ്രസക്തി എന്ന് ചോദിച്ചാൽ ചെന്നെത്തുന്ന ഉത്തരം ഏറെ രസകരവും ഗൗരവമേറിയതുമാണെന്നതും നമുക്ക് കാണാനാകും.

അതായത് പതിനൊന്നു അക്ഷരങ്ങളുള്ള "അതിസമ്മത" എന്നത് അക്ഷരവൃത്തമാണ്. പന്ത്രണ്ട് വരികളുള്ള "സമ്മതാപ്രസ്താരം" മാത്രാവൃത്തമാണ്.

അക്ഷരനിയമമായ ഗുരുലഘു വ്യവസ്ഥകളിൽ നിന്നും സമ്മതയെ മോചിപ്പിച്ച് കേവലം മാത്രാ പ്രധാനമാക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഇവിടെ അക്ഷരം, മാത്ര തുടങ്ങിയ പദങ്ങൾ വളരെ പ്രധാനപ്പെട്ട അർത്ഥത്തെയാണ് കുറിക്കുന്നത്. ആദ്യക്ഷരത്തിലുളവായതും ആദ്യക്ഷരത്തിലൊടുങ്ങുന്ന തുമായ ഈ വലിയ കാര്യം ഭാഷാ പിതാവായ എഴുത്തച്ഛൻ ഹരിനാമ കീർത്തനത്തിൽ വിശദമാക്കു ന്നുണ്ട്.

അക്ഷരവൃത്തം പുറം ലോകത്തെ വൈവിധ്യത്തെ കുറിക്കുന്നതാണ്. മാത്രാവൃത്തമാകട്ടെ വൈവിധ്യത്തെ അതിക്രമിച്ചുനിൽക്കുന്ന ഏകതയെ സൂചിപ്പിക്കുന്നതാണ്. പുറം ലോകത്തുനിന്നും അകം ലോകത്തേക്ക്, വൈവിധ്യത്തിൽ നിന്നും ഏകതയിലേക്ക്, വൃത്തത്തിൽ നിന്നും കേന്ദ്രത്തിലേക്ക്, ഭൂതഭവിഷ്യങ്ങളിൽ നിന്നും വർത്തമാനത്തിലേക്കുമുള്ള വഴികളാണ് ശാശ്വത മായത് എന്ന സന്ദേശമാണ് "മാത്രാവൃത്തം" സൂചിപ്പിക്കുന്നത്. ഒരു മണ്ഡലത്തിന്റെ (വൃത്തത്തിന്റെ) പൂർത്തി മാത്രയിലാണ് കുടികൊള്ളുന്നത്. പതിനൊന്നു ചമകങ്ങളും, പതിനൊന്നു നമകങ്ങളും അടങ്ങിയ 'കൃഷ്ണയജുർ വേദ'ത്തിൽ വരുന്ന 'ശ്രീരുദ്രം' പതിനൊന്നു പ്രാവശ്യം ജപിക്കുന്നതിന്റെ പ്രാധാന്യം വേദകാല ത്തേയും ആധുനിക കാലത്തേയും ഋഷിമാർ പറഞ്ഞി ട്ടുണ്ട്. ഏകാദശരുദ്രന്മാർ വേദത്തിൽ പ്രസിദ്ധമാണ്. അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും അഞ്ച് കർമ്മേന്ദ്രിയങ്ങളും മനസ്സും ചേർന്ന പതിനൊന്നു ഇന്ദ്രിയങ്ങളെ ജയിച്ച യോഗിയെ 'ഭൂതപതി'യെന്നാണ് വിശേഷിപ്പിക്കുന്നത്. ശ്രീഭൂതനാഥനായ അയ്യപ്പനെ യോഗ നിദ്രയിലേക്ക് നയിക്കുന്ന കീർത്തനത്തിൽ പതിനൊന്നിനെ അതിക്രമിച്ച് ഹരിഹരാർച്ചനമായി മാറിയ മാത്രയുടെ അർത്ഥവ്യാപ്തി ഹരിഹരാത്മജനോളം നീണ്ടുനിൽക്കു ന്നതാണ്. അതുകൊണ്ട് ഹരിഹരാത്മജാഷ്ടകത്തിലെ പദങ്ങളെ രചയിതാവിന്റെ കൈപ്പിഴയായല്ല കൈ പ്പുണ്യമായാണ് നോക്കി കാണേണ്ടത്. ഇപ്രകാരം നോക്കിയാൽ ഹരിവരാസനത്തിലെ അക്ഷരക്കൂട്ടു കളോരോന്നും അയ്യപ്പതത്ത്വത്തിന്റെ സൂക്ഷ്മതയിലേക്ക് വിരൽ ചൂണ്ടുന്നതാണെന്ന് കാണാനാകും.

ഇതുപോലെ പ്രഥമദൃഷ്ട്യാ ഭാഷാപരമായ തെറ്റുകളുണ്ടെന്ന് തോന്നുന്നവയുടെ ആന്തരികമായ ആശയധാരയെന്തെന്ന് അറിയുമ്പോഴാണ് അക്ഷര ങ്ങളിൽ അടക്കം ചെയ്തിരിക്കുന്ന അക്ഷരതത്ത്വത്തെ തിരിച്ചറിയുന്നത്. ഹരിവരാസനത്തിന്റെ പാഠ നിർണയത്തിനും പഠനത്തിനും സ്ഥൂലവും സൂക്ഷ്മവുമായ ഇത്തരം സമീപനം ആവശ്യമാണ്.

(തുടരും)

---

# ഷോഡശസംസ്കാരങ്ങൾ : ഭാഗം 3

(ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി,
റിട്ട. സംസ്കൃതം പ്രൊഫസർ, ബസേലിയസ് കോളേജ്, കോട്ടയം)



## 14. വിവാഹം:

വേദാധ്യയനം പൂർണമാക്കി സമാവർത്തനം കഴിഞ്ഞ ഉടനെ അടുത്ത സംസ്കാരമായ വിവാഹം നടത്തി ഗാർഹസ്ഥ്യം എന്ന ധർമ്മം സ്വീകരിക്കേണ്ടതാണ്. അഥവാ വേദാധ്യയനം പൂർണമായില്ലെങ്കിൽ പോലും വിവാഹം ചെയ്യാവുന്നതാണ്. ഗാർഹസ്ഥ്യം എന്നത് വളരെ പ്രധാനമായ ഒരു ധർമ്മം ആണ്. ഭാരതീയസംസ്കാരത്തിൽ വിവാഹം വേണ്ട എന്നൊരിടത്തും പറഞ്ഞിട്ടില്ല. വളരെ ചുരുക്കം സന്ദർഭത്തിൽ ചില ഋഷിമാർ ബ്രഹ്മചര്യത്തിനു ശേഷം നേരെ സന്യാസം എന്ന ആശ്രമത്തിലേക്കു പ്രവേശിക്കാറുണ്ട്. ഗാർഹസ്ഥ്യം, വാനപ്രസ്ഥം എന്നീ ആശ്രമങ്ങൾ ഇല്ലാതെ നേരിട്ട് സന്യാസത്തിലേക്കു പ്രവേശിക്കുന്നതിന് നൈഷ്ഠികബ്രഹ്മചര്യം എന്ന് പറയുന്നു. ബ്രഹ്മചര്യത്തെ നിഷ്ഠയായി കരുതി ജീവിതാവസാനം വരെ ആചരിക്കുക എന്നാണ് ഇതിനർത്ഥം. ശങ്കരാചാര്യർ ഈ ഗണത്തിൽ പെട്ട നൈഷ്ഠികബ്രഹ്മചാരി ആയിരുന്നു.

ഇത്തരം മഹാത്മാരായ ചിലരുടെ ജീവിതരീതികൾ മാറ്റി നിർത്തിയാൽ വിവാഹം, ഗാർഹസ്ഥ്യം എന്നിവ എല്ലാവർക്കും വേണ്ട ധർമ്മമാണ്. സന്താനോത്പാദനം എന്നത് വളരെ പ്രധാനവും പാരമ്പര്യത്തെ നിലനിർത്താൻ അനിവാര്യവുമാണ്. സപ്തർഷികൾ, മനുക്കൾ, പ്രജാപതിമാർ എന്നിവരെല്ലാം തന്നെ വിവാഹിതരായി ഗാർഹസ്ഥ്യധർമ്മം അനുഷ്ഠിച്ചവരാണ്. ചുരുക്കത്തിൽ വിവാഹം എന്ന വളരെ പ്രധാനമായ സംസ്കാരം അനുഷ്ഠിക്കേണ്ടത് അനിവാര്യവും വിവാഹം കഴിക്കാതിരുന്നാൽ അത് സംസ്കാര ലോപവും അധർമ്മവുമാണ്.

**വിവാഹചടങ്ങുകൾ :** വിവാഹമെന്നാൽ മഹത്തായ ഒരു സംസ്കാരം – മനസ്സുകളെ നന്നാക്കിയെടുക്കുന്ന ആചാരം – ആണ്. രണ്ടു പേരുടെ മനസ്സും, ശരീരവും വ്യാപാരങ്ങളും ഒന്നാക്കി മാറ്റുന്ന സംസ്കാരമാണ് വിവാഹം. രണ്ട് കുടുംബങ്ങളിൽ നിന്നുവന്ന വ്യത്യസ്ഥ ആചാരങ്ങൾ, സംസ്കാരങ്ങൾ, മനസ്സുകൾ– ഇവ ഒന്നായി തീരുന്ന സംസ്കാരമാണ് വിവാഹം. വിവാഹ വേളയിൽ വൈവിധ്യമാർന്ന കുറെ ചടങ്ങുകൾ നമുക്കുണ്ട്. നാലു വർണികളുടെയും വിവാഹരീതികൾ വ്യത്യസ്ഥ

മാണെങ്കിലും പൊതുവായ ചടങ്ങുകൾ ഓരോന്നിലും ഉണ്ട്. ഇന്ന് പക്ഷെ ഇത്തരം ചടങ്ങുകൾ ലോപിച്ച് അത്യാവശ്യം വേണ്ടതായ ചടങ്ങുകൾ പോലും ഇല്ലാതായി മാറിയിരിക്കയാണ്.

ഇത്തരം ചടങ്ങുകളുടെ പ്രസക്തി എന്തെന്ന് ചിന്തിക്കാം. ഭാരതീയസംസ്കാരത്തിൽ ആദ്യമായി വേണ്ട ചടങ്ങ് വിവാഹനിശ്ചയമാണ്. കേരളത്തിൽ ഈ ചടങ്ങ് 'കാപ്പുകെട്ടുക' എന്നാണറിയപ്പെട്ടിരുന്നത്. കാപ്പുകെട്ടുക എന്ന് വെച്ചാൽ ഒരുങ്ങി ഇരിക്കുക എന്ന് പറയാം. ഇതോടെ രണ്ടുപേരുടെ വിവാഹം നിശ്ചയിക്കപ്പെട്ടു എന്നാണർത്ഥം. സംസ്കൃതത്തിൽ ഇതിനു 'കൗതുക ബന്ധനം' എന്ന് പറയും. 'കൗതുകം' എന്നാൽ ചരട് എന്നാണ് അർത്ഥം. വരൻ വധുവിന്റെയും വധു വരന്റേയും കയ്യിൽ പരസ്പരം കെട്ടുകയല്ല വേണ്ടത്; ഇത് രണ്ടുപേരും സ്വയം ധരിക്കേണ്ടതാണ്. വിവാഹം നിശ്ചയിച്ചശേഷം, വധുവും വരനും സ്വന്തം വീട്ടിൽ ഇരുന്നു സ്വയം അണിയുന്ന കാപ്പുകെട്ടൽ അഥവാ കൗതുക ബന്ധനം – ഇതാണ് വിവാഹനിശ്ചയം.

വധൂവരന്മാർവിവാഹത്തിനു മുമ്പ് ഒരു മണ്ഡലകാലം സ്വന്തം വീടുകളിൽ ഇരുന്നു വിവാഹദീക്ഷ എന്ന വ്രതം അനുഷ്ഠിക്കേണ്ടതാണ്. ഒരു കാലഘട്ടത്തിൽ ഈ വ്രതം എല്ലാവരും അനുഷ്ഠിച്ചിരുന്നു. ഇന്നിപ്പോൾ താടി വളർത്തിയാൽ ദീക്ഷയായി. വ്രതകാലത്തു തനിയെ താടി വളരുന്നു എന്നല്ലാതെ ദീക്ഷ എന്നത് താടി വളർത്തുകയല്ല.

ഈ വ്രതകാലത്ത് അനുഷ്ഠിക്കേണ്ട ആചാരങ്ങളെക്കുറിച്ച് സ്മൃതികളും സംഹിതകളും വിശദമായി പറയുന്നുണ്ട്. ഇരുവരും അതിരാവിലെ കുളിച്ച് നാമജപങ്ങൾ, മന്ത്രങ്ങൾ, ഹോമങ്ങൾ, ഉപാസനകൾ, സ്തുതികൾ (ഇന്നത്തെ കാലത്ത് ചൊല്ലുന്ന ലളിതാ / വിഷ്ണു സഹസ്രനാമം പോലുള്ളവ), ദേവതാ ആരാധനകൾ എന്നിവചെയ്ത് ഒരുനേരം മാത്രം ഭക്ഷണം കഴിച്ച്, രാത്രി വെറും നിലത്തു കിടന്നുറങ്ങുക (ഭൂശയനം) – ഇവയെല്ലാം ഈ വ്രതത്തിന്റെ ഭാഗമാണ്. ഈ വ്രതകാലത്തു വായിക്കേണ്ട ഗ്രന്ഥങ്ങൾ, മാതാപിതാക്കൾ ഇവർക്ക് നല്കേണ്ട ഉപദേശങ്ങൾ എന്നിവയും ദീക്ഷയുടെ ഭാഗമാണ്. ഇന്നത്തെ കാലത്ത് (pre-marital counselling) വിവാഹത്തിന് മുന്നോടിയായുള്ള ഉപദേശങ്ങൾ – എന്ന് പറയുന്ന കാര്യങ്ങൾ പണ്ടത്തെ കാലത്തു വിവാഹത്തിനു മുമ്പുള്ള ഒരു മണ്ഡലകാലത്തെ വ്രതം എന്ന രീതിയിൽ ഭാരതീയർ അനുഷ്ഠിച്ചിരുന്നു. ഈ കാലയളവിൽ ചെയ്യുന്ന വ്രതം പരസ്പരം പൊരുത്തപ്പെട്ടു ജീവിക്കാനുള്ള ഒരു തയ്യാറെടുപ്പായി കരുതാം. ഈ സമയം ഈശ്വരധ്യാനം മാത്രമല്ല, വധു വരനെയും വരൻ വധുവിനെയും ധ്യാനിക്കേണ്ടതുണ്ട്. ഒരുപക്ഷെ ഇതിനുമുമ്പ് തമ്മിൽ കാണാത്ത ഇവർ, ഈ തരത്തിൽ ഉള്ള ധ്യാനത്തിലൂടെ / തപസ്സിലൂടെ ലഭിക്കുന്ന ശക്തിയാൽ പരസ്പരമന്മാരായി തീരുന്നു.

'അഗ്നി സാക്ഷികമായി' വേണം വിവാഹം എന്നത്

നമ്മുടെ ഭാരതീയസംസ്കാരത്തിന്റെ അടിസ്ഥാന പ്രമാണമാണ്. ഒന്നുകിൽ ഹോമകുണ്ഡത്തിൽ അഗ്നി ജ്വലിപ്പിച്ച് അതിനു മുമ്പിൽ വിവാഹം നടത്താം. അല്ലെങ്കിൽ ഒരു വിളക്കെങ്കിലും കൊളുത്തിവെച്ച് അതിനു മുമ്പിൽ ആകാം വിവാഹം. ഒരിക്കലും കള്ളം പറയാത്ത അഗ്നിയാണ് വിവാഹത്തിന്റെ പ്രധാന സാക്ഷി.

അതിനുശേഷം 'പാണിഗ്രഹണം' എന്ന പ്രധാനമായ ചടങ്ങാണ്. താലികെട്ട് എന്നത് വാസ്തവത്തിൽ പ്രധാനമായ ഒരു ചടങ്ങ് അല്ല. പക്ഷെ ഇന്ന് താലികെട്ട് മാത്രമാണ് വിവാഹത്തിലെ പ്രധാനചടങ്ങ് എന്നായി മാറിയിട്ടുണ്ട്. താലികെട്ടുന്നത് ആഭരണങ്ങൾ അണിയിക്കുന്നതിന്റെ സൂചന മാത്രമാണ്. താലി ഒരു ആഭരണം മാത്രമാണ്. ഇത് ആരണിയിക്കണം എന്ന് നിർബന്ധവുമില്ല. വധുവിന്റെ അച്ഛനോ സഹോദരനോ അടുത്ത ബന്ധുവോ വധുവിനെ പൊന്നും ആഭരണങ്ങളും അണിയിക്കാം. ആഭരണങ്ങളിൽ പ്രധാനം താലി തന്നെ. താലിക്കു വേണ്ടിയുള്ള മാല എന്നല്ല, താലികൾ കൊണ്ടുള്ള ഒരു മാല മാത്രമാണ് താലിമാല. ഇന്നാകട്ടെ, താലി എന്നത് വരന് അണിയിക്കുന്ന വിവാഹത്തിന്റെ സുപ്രധാന അടയാളം ആയി മാറി. വരൻ താലി അണിയിക്കുന്നതിനു വിരോധമില്ല, പക്ഷെ അത് മാത്രമല്ല വിവാഹം എന്ന ചടങ്ങ്. താലിയുടെ ബന്ധത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ല വിവാഹം.

പാണിഗ്രഹണം പ്രധാനമായ ഒരു ചടങ്ങാണ്. വധുവിന്റെ കൈ പിടിച്ചു കൊടുക്കുന്ന പാണിഗ്രഹണം എന്ന ചടങ്ങ് മിക്കവാറും എല്ലാ വിവാഹങ്ങളിലും നടക്കുന്നുണ്ട്.

വിശദമായി എല്ലാ ചടങ്ങുകളും സാധിച്ചില്ലെങ്കിലും, അഗ്നിസാക്ഷികമായി മന്ത്രോച്ചാരണങ്ങൾ സഹിതം ഏറ്റവും കുറഞ്ഞത് പാണിഗ്രഹണം, സപ്തപദി എന്നീ ചടങ്ങുകളോടെ വിവാഹം നടത്തിയാൽ, സുപ്രധാനവും പവിത്രവുമായ ചില കർമ്മങ്ങളിലൂടെയാണ് ഈ ബന്ധം സ്ഥാപിച്ചത് എന്ന ബോധം, വിവാഹമോചനം എന്നൊരു ദുസ്സാഹചര്യത്തിൽ എത്താതിരിക്കാൻ സഹായകമാകും.

## 15. വാനപ്രസ്ഥം

ഗാർഹസ്ഥ്യം പൂർണമായാൽ വാനപ്രസ്ഥം സ്വീകരിക്കേണ്ടതാണ്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം എന്നീ രണ്ട് ആശ്രമങ്ങൾക്കുശേഷം വരുന്ന ആശ്രമമാണ് വാനപ്രസ്ഥം. ഗാർഹസ്ഥ്യം പൂർണമാകുന്നതിന്റെ സമയപരിധി പൗത്ര ലബ്ധി എന്നതാണ്. പുത്രന് പുത്രൻ ജനിച്ചാൽ ഗാർഹസ്ഥ്യം പൂർണമായതായി കണക്കാക്കാം. മറ്റൊരു കാലഗണന ജരാനരകൾ ബാധിക്കുക എന്നതാണ്.

'ഗൃഹസ്ഥൻ എപ്പോഴാണോ തന്റെ തൊലി ചുളിഞ്ഞതായും മുടി നരച്ചതായും കാണുന്നത്, എപ്പോഴാണോ ജരാനരകൾ ബാധിച്ചതായി കാണുന്നത്, അഥവാ എപ്പോഴാണോ പുത്രന്റെ പുത്രനെ

കാണുന്നത്, അപ്പോൾ വനത്തിലേക്ക് പോയ്ക്കൊള്ളുക' – അവിടെയാണ് വാനപ്രസ്ഥം എന്ന ആശ്രമം.

വാനപ്രസ്ഥത്തിന്റെ മുഖ്യലക്ഷ്യം വൈരാഗ്യം വളർത്തിയെടുക്കുക എന്നതാണ്. ഭൗതികജീവിത സുഖങ്ങൾ ആവോളം അനുഭവിച്ചു കഴിഞ്ഞതുകൊണ്ട് ഇനി അത്തരം വിഷയങ്ങളിൽ ആഗ്രഹം ഇല്ലെന്ന വിരക്തി തോന്നേണ്ട ഘട്ടമാണ് ഇത്. ഈ വിരക്തി തോന്നിക്കഴിഞ്ഞാൽ വാനപ്രസ്ഥം സ്വീകരിക്കാം. ഇതിനുവേണ്ടി പേര് സൂചിപ്പിക്കുന്നപോലെ വനത്തിൽ പോകണമെന്നില്ല, വനത്തിൽ ജീവിക്കുന്നപോലെ വീട്ടിലും കഴിയാമെങ്കിൽ വീട്ടിൽ തന്നെ ഇരിക്കാം. വാനപ്രസ്ഥം സ്വീകരിച്ച് വീട് വിട്ടു പോകുമ്പോൾ എല്ലാം ഉപേക്ഷിച്ചു പോകേണ്ടതാണ്. ഹോമം, ആരാധന എന്നിവയ്ക്ക് വേണ്ട വസ്തുക്കൾ മാത്രം കൊണ്ടുപോകാം.

## 16. അന്ത്യേഷ്ടി

ഷോഡശസംസ്കാരങ്ങളിൽ അന്തിമമായ സംസ്കാരം അന്ത്യേഷ്ടിയാണ്. മരണവേളയിൽ ചെയ്യുന്ന അന്ത്യ മായ ഇഷ്ടി – അന്ത്യേഷ്ടി. ഇഷ്ടി എന്നാൽ യജ്ഞം എന്നർത്ഥം. അന്ത്യേഷ്ടിയിലെ ആദ്യകർമ്മം മരണാസന്നനായ ആളെ നിലത്തിറക്കി കിടത്തിയിട്ട് ചെവിയിൽ കർണമന്ത്രം ഓതുക എന്നതാണ്.

അത്തരത്തിൽ മരണസമയം അടുക്കുമ്പോൾ നിലത്തു ദർഭ വിരിച്ച് അതിൽ കിടത്തി വേണം പ്രാണൻ പിരിയാൻ എന്നായിരുന്നു സങ്കല്പം. ആ സമയം ചെവിയില് ഒരു മന്ത്രം ഉപദേശിച്ചു കൊടുക്കും. "അക്ഷയ്യോളസി അമൃതോളസി" – യാത്രാനുവാദം നല്കുകയാണ്, നീ അക്ഷയമായ വിഷ്ണുപാദത്തിലേക്കാണ് പോകുന്നത്. ഈ മന്ത്രം ചെവിയിൽ രഹസ്യമായി കേൾപ്പിച്ച് പ്രാണനെ അതിന്റെ ലക്ഷ്യത്തിലേക്ക് എത്തിക്കാനുള്ള ചടങ്ങാണിത്.

**പ്രേതസംസ്കാരം:** മരണാനന്തരം വേണ്ടത് സംസ്കാരമാണ്. മരണം മൂന്ന് തരത്തിൽ ഉണ്ട് – 'സ്ഥൂലം', 'സൂക്ഷ്മം', 'കാരണം'. സ്ഥൂലമായി കാണുന്ന ഈ ബാഹ്യശരീരം, ഇന്ദ്രിയങ്ങളുടെ സൂക്ഷ്മാംശം അടങ്ങുന്ന സൂക്ഷ്മശരീരം, മറ്റൊരു ജന്മത്തിന് കാരണമാകുന്ന കാരണശരീരം. ഇന്ദ്രിയം എന്നത് ബാഹ്യമായി കാണുന്ന കണ്ണ്, മൂക്ക്, ചെവി, ത്വക്ക്, നാക്ക് എന്നീ അവയവങ്ങളല്ല. അവയ്ക്കകത്തുള്ള ആന്തരികമായ ശക്തിയാണ്. 'ചക്ഷുഃ' അഥവാ കണ്ണ് എന്നത് പുറത്തു കാണുന്ന കൃഷ്ണമണിയ്ക്കകത്തുള്ള തേജസ്സാണ്. നാവ് എന്നാൽ നാവിന്റെ അറ്റത്തുള്ള രസമാണ്. ഇത്തരത്തിൽ ഇന്ദ്രിയങ്ങൾ അന്തർ ഗതങ്ങളാണ്. അവ സൂക്ഷ്മമാണ്. 'ഞാൻ' എന്ന് പറയുന്നത് ശരീരവും, ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും എല്ലാം ചേർന്നതാണ്. സൂക്ഷ്മമായ ഐന്ദ്രിയമായ ശരീരം സ്ഥൂലമായ ശരീരത്തിന് മരണം സംഭവിച്ചു കഴിഞ്ഞ ശേഷവും കുറച്ചുനേരം നിലനില്ക്കും. മരണം എന്നത് സ്ഥൂലശരീരത്തിന്റെ മരണം മാത്രമാണ്. അതിനു ശേഷവും ഏതാണ്ട് നാലോ അഞ്ചോ മണിക്കൂർ

നേരത്തേക്ക് സൂക്ഷ്മമായ ഈ ഇന്ദ്രിയങ്ങളുടെ, സൂക്ഷ്മ ശരീരത്തിന്റെ, നേരിയ സ്പന്ദനം ഉണ്ടാകും. ഇന്ദ്രിയങ്ങളുടെ അഥവാ സൂക്ഷ്മശരീരത്തിന്റെ മരണം പതുക്കെമാത്രം സംഭവിക്കുന്നതാണ്.

ഈ സൂക്ഷ്മശരീരത്തെയാണ് സംസ്കരിക്കേണ്ടത്. സംസ്കാരം എന്നാൽ നന്നാക്കി എടുക്കുക എന്നാണ്. സൂക്ഷ്മശരീരത്തെയാണ് നന്നാക്കി എടുക്കേണ്ടത്. ശരീരം കുളിപ്പിക്കുന്നതും വസ്ത്രങ്ങൾ ധരിപ്പിക്കുന്നതുമെല്ലാം ഈ സൂക്ഷ്മശരീരം ദേഹം വിട്ടു പോകുന്നതിനു മുമ്പ് വേണ്ടതാണ്. ഇതെല്ലം ചെയ്യുന്നത് ഈ സൂക്ഷ്മശരീരത്തിന് വേണ്ടിയാണ്.

(തുടരും)

---

# മഹാശിവരാത്രി






മഹാശിവരാത്രി എന്നത് ശിവന്റെ പേരിൽ വർഷം തോറും ആഘോഷിക്കപ്പെടുന്ന ഒരു ഹിന്ദു ഉത്സവമാണ്. എല്ലാ മാസവും ചാന്ദ്ര-സൗര ഹിന്ദു കലണ്ടറിലെ അമാവാസിയുടെ മുമ്പുള്ള രാത്രിയിലാണ് ശിവരാത്രി ആചരിക്കുന്നത്. വർഷത്തിലൊരിക്കൽ, ശൈത്യ കാലത്തിന്റെ അവസാനത്തിലും വേനൽക്കാലത്തിന്റെ (ഫെബ്രുവരി/മാർച്ച്) മുമ്പും ഈ രാത്രി "മഹാ ശിവരാത്രി" ആയി ആചരിക്കുന്നു. 2023 ഫെബ്രുവരി 18-നാണ് ഈ വർഷത്തെ ശിവരാത്രി ആഘോഷിച്ചത്.

"ജീവിതത്തിലെയും ലോകത്തെയും അജ്ഞതയെയും അന്ധകാരത്തെയും മറികടക്കുക" എന്നതിന്റെ സ്മരണ അടയാളപ്പെടുത്തുന്ന, ഹിന്ദുമതത്തിലെ ഒരു ശ്രദ്ധേയമായ ഉത്സവമാണിത്. ശിവനെ സ്മരിച്ചും, ജപിച്ചും, പ്രാർത്ഥിച്ചും, ഉപവാസം അനുഷ്ഠിച്ചും, ധാർമ്മികതയിലും സദ്ഗുണങ്ങളിലും ഭക്തിയോടെ ധ്യാനിച്ചും, മറ്റുള്ളവരെ വേദനിപ്പിക്കാതെയും, ദാന ധർമ്മങ്ങൾ ചെയ്തും, ശിവനെ കണ്ടെത്തുന്നതിലൂടെയും ഇത് ആചരിക്കപ്പെടുന്നു. ഭക്തർ ഈ രാത്രി മുഴുവൻ ഉണർന്നിരിക്കും. മറ്റുചിലർ ഏതെങ്കിലും ശിവക്ഷേത്രങ്ങൾ സന്ദർശിക്കുകയോ ജ്യോതിർലിംഗങ്ങളിലേക്ക് തീർത്ഥാടനം നടത്തുകയോ ചെയ്യുന്നു.

പകൽ സമയത്ത് ആഘോഷിക്കുന്ന മിക്ക ഹൈന്ദവ ഉത്സവങ്ങളിൽ നിന്നും വ്യത്യസ്തമായി, മഹാശിവരാത്രി രാത്രിയിൽ ആഘോഷിക്കുന്നു, രാത്രി മുഴുവൻ

ഉണർന്നിരുന്നു കൊണ്ട് പ്രാർത്ഥനയും നടത്തുന്നു. കൂടാതെ, സാംസ്കാരിക പരിപാടികളും ഇതിൽ ഉൾപ്പെടുന്നു, ആത്മപരിശോധന, ഉപവാസം, ശിവനെക്കുറിച്ചുള്ള ധ്യാനം, സ്വയം പഠനം, സാമൂഹിക ഐക്യം എന്നിവയാൽ ശ്രദ്ധേയമായ ഒരു മഹത്തായ ഉത്സവമാണ് മഹാ ശിവരാത്രി. "ഓം നമഃ ശിവായ" – ശിവന്റെ പവിത്രമായ പഞ്ചാക്ഷരി മന്ത്രം രാവും പകലും ജപിക്കുന്നു.

**ശിവലിംഗം.**

മിക്ക ശിവക്ഷേത്രങ്ങളിലെയും വിഗ്രഹങ്ങൾ ലിംഗമാണ്. ശിവലിംഗം പ്രപഞ്ചത്തിന്റെ പ്രതീകമാണ്. ശിവലിംഗ ത്തിന്റെ രണ്ട് ഭാഗങ്ങൾ, അതായത് ലിംഗവും യോനീ ഭാഗവും, ജാഗ്രത്തായ പ്രപഞ്ച ചൈതന്യം (ശിവൻ) ചലനാത്മക ഊർജ്ജവുമായി (ശക്തി, പാർവതി) ഐക്യത്തിൽ – ശിവശക്തി സങ്കല്പം. ലിംഗം അനന്തമായ ഊർജ്ജോത്പാദനത്തിന്റെ ചിഹ്നമായി കണക്കാ ക്കപ്പെടുന്നു. (സംസ്കൃതത്തിൽ: ലിംഗം = "അടയാളം" അല്ലെങ്കിൽ "ചിഹ്നം"). ഈ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളും, മനുഷ്യരും, ദ്രവ്യങ്ങളും, ആകാശ ഗോളങ്ങളും അണ്ഡ ആകൃതിയിലാണല്ലോ. ക്ഷീരപഥ ത്തിന്റെയും സൗരയൂഥത്തിന്റെയും ആകൃതി പോലും അണ്ഡ രൂപമാണ്.

ലിംഗം ഒരു മുട്ടയുടെ ആകൃതിയിലുള്ളതും ബ്രഹ്മാണ്ഡത്തെ പ്രതിനിധീകരിക്കുന്നതുമാണ്; അല്ലെങ്കിൽ കോസ്മിക് മുട്ട. ശിവൻ അനശ്വരനാണ്, തുടക്കവും അവസാനവും – ആദിയും അന്തവും അറിയാനാകില്ല. ഒരിക്കൽ, അദ്ദേഹം ബ്രഹ്മാവിന്റെയും മഹാവിഷ്ണുവിന്റെയും മുന്നിൽ പ്രകാശ രശ്മികളുടെ ലിംഗ രൂപത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, അവർക്ക് താഴത്തെ അറ്റവും മുകളിലെ അറ്റവും – തുടക്കവും അവസാനവും കണ്ടെത്താൻ കഴിഞ്ഞില്ലത്രേ. പരമശിവനാണ്, 'ദൈവങ്ങളുടെ ദൈവം' – "ദേവാധിദേവൻ"– 'ഏക പരമോന്നത ദൈവം'. ശിവം എന്നാൽ മംഗളം എന്നും അർത്ഥമുണ്ട്.

**ഐതിഹ്യവും പ്രാധാന്യവും:**

നിരവധി പുരാണങ്ങളിൽ, പ്രത്യേകിച്ച് സ്കന്ദപുരാണം, ലിംഗപുരാണം, പത്മപുരാണം എന്നിവയിൽ മഹാശിവരാത്രി പരാമർശിക്കപ്പെടുന്നു. മധ്യകാലഘട്ട ത്തിലെ ഈ ശൈവ ഗ്രന്ഥങ്ങളിൽ ഈ ഉത്സവവും വ്രതാനുഷ്ഠാനവുമായി ബന്ധപ്പെട്ട വ്യത്യസ്ത കാര്യങ്ങൾ വിശദീകരിക്കുന്നു, ലിംഗം പോലെയുള്ള ശിവ വിഗ്രഹങ്ങ ളോടുള്ള ആദരം കാണിക്കുന്നു, കൂടാതെ വ്യത്യസ്ത ഐതിഹ്യങ്ങൾ മഹാശിവരാത്രിയുടെ പ്രാധാന്യത്തെ വിവരിക്കുന്നു.

ശൈവ പാരമ്പര്യത്തിലെ ഒരു ഐതിഹ്യമനുസരിച്ച്, ശിവൻ സൃഷ്ടി, സംരക്ഷണം, സംഹാരം എന്നിവയുടെ താണ്ഡവ നൃത്തം അവതരിപ്പിക്കുന്ന രാത്രിയാണിത്. സ്തുതിഗീതങ്ങളുടെ ആലാപനം, ശിവഗ്രന്ഥങ്ങളുടെ

വായന, ഭജന എന്നിവ ഈ കോസ്മിക് നൃത്തത്തിൽ ചേരുകയും എല്ലായിടത്തും ശിവന്റെ സാന്നിധ്യം ഓർമ്മിക്കുകയും ചെയ്യുന്നു. മറ്റൊരു ഐതിഹ്യമനുസരിച്ച്, ശിവനും പാർവതിയും വിവാഹിതരായ രാത്രിയാണിത്. മറ്റൊന്ന്, ശിവലിംഗ വിഗ്രഹങ്ങൾക്കുള്ള വഴിപാട് ഭൂതകാല പാപങ്ങളിൽ നിന്ന് കരകയറാനും പുണ്യ മാർഗ്ഗത്തിൽ പുനരാരംഭിക്കാനും അതുവഴി കൈലാസ ത്തിലേക്കും മോക്ഷത്തിലേക്കും എത്തിച്ചേരാനുമുള്ള അവസരവുമാണ്.

സമുദ്രമന്ഥന സമയത്ത് ഉയർന്നുവന്ന ഹാലാഹലം (വിഷം) ശിവൻ കുടിച്ചതും, അത് തൊണ്ടയിൽ തങ്ങി കഴുത്ത് നീലയായി മാറിയതും ഈ ദിവസമാണെന്നും വിശ്വസിക്കപ്പെടുന്നു. അങ്ങനെയാണ് ശിവന് നീലകണ്ഠൻ എന്ന പേര് ലഭിച്ചത്. ഋഷികേശിനടുത്തുള്ള പ്രസിദ്ധമായ ശ്രീനീലകണ്ഠ മഹാദേവ ക്ഷേത്രമാണ് ഈ സംഭവം നടന്ന സ്ഥലമെന്നും വിശ്വസിക്കപ്പെടുന്നു.

ഈ ഉത്സവത്തിന് ചരിത്രപരമായ പരമ്പരാഗത നൃത്തത്തിന്റെ വേരുകൾ ഉണ്ട്. കൊണാർക്ക്, ഖജുരാഹോ, പട്ടടക്കൽ, മോധേര, ചിദംബരം തുടങ്ങിയ പ്രധാന ഹൈന്ദവ ക്ഷേത്രങ്ങളിൽ വാർഷിക നൃത്തോ ത്സവങ്ങൾക്കായി മഹാശിവരാത്രി കലാകാരന്മാരുടെ ചരിത്രപരമായ സംഗമമായി മാറുന്നു. ഈ പരിപാടിയെ നാട്യാഞ്ജലി എന്ന് വിളിക്കുന്നു, അക്ഷരാർത്ഥത്തിൽ “നൃത്തത്തിലൂടെയുള്ള ആരാധന” നടക്കുന്ന ചിദംബരം ക്ഷേത്രത്തിൽ, പുരാതന ഹിന്ദു ഗ്രന്ഥമായ നാട്യ ശാസ്ത്രമെന്ന ഗ്രന്ഥത്തിലെ എല്ലാ നൃത്ത മുദ്രകളും ചിത്രീകരിക്കുന്ന ശിൽപത്തിന് പേരുകേട്ടതാണ്. അതു പോലെ, ഖജുരാഹോ ശിവക്ഷേത്രങ്ങളിൽ, മഹാശിവ രാത്രിയിൽ ക്ഷേത്ര സമുച്ചയത്തിൽ നടത്തപ്പെടുന്ന ഒരു പ്രധാന മേളയും നൃത്തോത്സവവും; ശൈവ തീർത്ഥാടകർ ഇതിനായി മൈലുകളോളം ക്യാമ്പ് ചെയ്യാറുണ്ട്.

തമിഴ്നാട്ടിൽ തിരുവണ്ണാമലൈ ജില്ലയിൽ സ്ഥിതിചെയ്യുന്ന അണ്ണാമലയാർ ക്ഷേത്രത്തിൽ മഹാശിവരാത്രി വലിയ ആർഭാടങ്ങളോടെയാണ് ആഘോഷിക്കുന്നത്. ഈ ദിവസത്തെ പ്രത്യേക പൂജാ പ്രക്രിയ ‘ഗിരിവലം’/ഗിരി പ്രദക്ഷിണമാണ്, മലമുകളിലെ ശിവക്ഷേത്രത്തിന് ചുറ്റും 14 കിലോമീറ്റർ നഗ്നപാദരായുള്ള കാൽനടയാത്ര. കന്യാകുമാരി ജില്ലയിലെ 12 ശിവക്ഷേത്രങ്ങളിലേക്കുള്ള ശിവരാത്രി ദിനത്തിൽ ‘ശിവാലയ ഓട്ടം’ എന്ന് വിളിക്കപ്പെടുന്ന ഒരു ആചാരമുണ്ട്. സമീപ വർഷങ്ങളിൽ, ഇഷാ ഫൗണ്ടേഷൻ ഇന്ത്യയിലെ ഇത്തരം ആഘോഷ ങ്ങളുടെ ഒരു പ്രധാനകേന്ദ്രമാണ്. കോയമ്പത്തൂരിലെ ബൃഹത്തായ ആദിയോഗിയുടെ സ്ഥലത്ത് നടന്ന ആഘോഷത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പോലും പങ്കെടുത്തിട്ടുണ്ട്. കേരളത്തിൽ, മറ്റ് പല സ്ഥലങ്ങളിലും, പ്രത്യേകിച്ച് ആലുവയിലെ മഹാശിവരാത്രി ഉത്സവം

പ്രസിദ്ധമാണ്, ആയിരക്കണക്കിന് ഭക്തർ പെരിയാർ നദീതീരത്ത് ബലി-തർപ്പണം നടത്താനും സാക്ഷ്യം വഹിക്കാനും ഒത്തുകൂടുന്നു.

ആന്ധ്രാപ്രദേശിലും തെലുങ്കാനയിലും, പഞ്ചാരാമങ്ങളിൽ പ്രത്യേക പൂജകൾ നടക്കുന്നു – അമരാവതിയിലെ അമരാരാമം, ഭീമാവരത്തിലെ സോമാരാമം, ദ്രാക്ഷാരാമം, സമർലക്കോട്ടയിലെ കുമാരാരാമം, പാലകൊല്ലുവിലെ ക്ഷീരാരാമം. 12 ജ്യോതിർലിംഗ സ്ഥലങ്ങളിൽ ഒന്നായ ശ്രീശൈലത്തിൽ ശിവരാത്രിക്ക് തൊട്ടുപിന്നാലെയുള്ള ദിവസങ്ങൾ ബ്രഹ്മോത്സവങ്ങളായി ആഘോഷിക്കുന്നു. വാറങ്കലിലെ രുദ്രേശ്വര സ്വാമിയുടെ 1000 തൂണുകളുള്ള ക്ഷേത്രത്തിലാണ് മഹാശിവരാത്രി ഉത്സവം നടക്കുന്നത്. ശ്രീകാളഹസ്തി, മഹാനന്ദി, യാഗന്തി, അന്തർവേദി, കട്ടമാഞ്ചി തുടങ്ങിയ ക്ഷേത്രങ്ങളിലെ പ്രത്യേക പൂജകൾക്ക് ഭക്തജനത്തിരക്കുണ്ടാകും. കമ്പാലപ്പള്ളിക്കടുത്തുള്ള മല്ലയ്യ ഗുട്ട, റെയിൽവേ കോഡൂരിനടുത്തുള്ള ഗുണ്ടകമ്മ കോണ, പെഞ്ചലക്കോണ, ഭൈരവകോണ, ഉമാ മഹേശ്വരം എന്നിവിടങ്ങളിൽ ശിവരാത്രി യാത്രകൾ നടക്കുന്നു.

ഹിമാചൽ പ്രദേശിലെ മഹാശിവരാത്രി ആഘോഷങ്ങളുടെ ഒരു വേദി എന്ന നിലയിൽ ഭക്തർ ഒഴുകിയെത്തുന്ന മണ്ഡി മേള പ്രസിദ്ധമാണ്. മഹാശിവരാത്രി ദിനത്തിൽ 200-ലധികം ദേവീദേവന്മാരും ഇവിടെ സമ്മേളിക്കുമെന്ന് വിശ്വസിക്കപ്പെടുന്നു. ബിയാസിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന മണ്ഡി, "കത്തീഡ്രൽ ഓഫ് ടെമ്പിൾസ്" എന്നും ഹിമാചൽ പ്രദേശിലെ ഏറ്റവും പഴക്കം ചെന്ന പട്ടണങ്ങളിലൊന്നായും അറിയപ്പെടുന്നു, അതിന്റെ ചുറ്റളവിൽ വിവിധ ദേവതകളുടെ 81 ക്ഷേത്രങ്ങളുണ്ട്.

മഹാശിവരാത്രി കശ്മീരിലെ ഹിന്ദുക്കൾ വിപുലമായി ആഘോഷിക്കുന്നു, കശ്മീരി ഭാഷയിൽ "ഹേരത്ത്" എന്ന് വിളിക്കപ്പെടുന്നു, "ഹരരാത്രി" എന്ന സംസ്കൃത പദത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ഒരു പദമാണ് "ഹരന്റെ രാത്രി",ഹരം എന്നാൽ ശിവൻ. ഈ അവസരത്തിൽ ഭൈരവനും ഭൈരവിയും, അവരുടെ ശക്തി അല്ലെങ്കിൽ പ്രാപഞ്ചിക ഊർജ്ജം, താന്ത്രിക ആരാധനയിലൂടെ പ്രാപിക്കുന്നതിനാൽ, താന്ത്രിക ഗ്രന്ഥങ്ങളിൽ ഇതിനെ ഭൈരവോത്സവം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

മധ്യ ഇന്ത്യയിൽ ശൈവ അനുയായികളുടെ ഒരു വലിയ സംഖ്യയുണ്ട്. ഉജ്ജൈനിയിലെ മഹാകാളേശ്വര ക്ഷേത്രം, ശിവന്റെ ഏറ്റവും വലിയ ആരാധനാലയങ്ങളിലൊന്നാണ്, ഇവിടെ മഹാശിവരാത്രി ദിനത്തിൽ പ്രാർത്ഥനകൾ അർപ്പിക്കാൻ ഒരു വലിയ ഭക്തജന സമൂഹം ഒത്തുകൂടുന്നു. ജബൽപൂർ നഗരത്തിലെ തിൽവാര ഘട്ട്, ജിയോനാര ഗ്രാമത്തിലെ മഠത്തിലെ ക്ഷേത്രം എന്നിവിടങ്ങളിലെ ഉത്സവങ്ങളും പ്രസിദ്ധ

മാണ്.

പഞ്ചാബിൽ, വിവിധ നഗരങ്ങളിൽ വിവിധ ഹിന്ദു സംഘടനകൾ ശോഭാ യാത്രകൾ സംഘടിപ്പിക്കും. പഞ്ചാബി ഹിന്ദുക്കൾക്ക് ഇതൊരു മഹത്തായ ഉത്സവമാണ്. ഗുജറാത്തിൽ, മഹാശിവരാത്രി മേള നടക്കുന്നത് ജുനാഗഡിന് സമീപമുള്ള ഭാവ്നാഥിലാണ്, അവിടെ ശിവൻതന്നെ കുളിക്കാൻ വരുന്ന മൃഗികുണ്ഡിൽ കുളിക്കുന്നത് പുണ്യമായി കണക്കാക്കപ്പെടുന്നു. പശ്ചിമ ബംഗാളിൽ, അവിവാഹിതരായ പെൺകുട്ടികളും ആൺകുട്ടികളും യോജിച്ച ഭർത്താവിനെയോ ഭാര്യയെയോ തേടിക്കൊണ്ട് മഹാശിവരാത്രി ഭക്തി പൂർവ്വം ആചരിക്കുന്നു. ഒഡീഷയിൽ മഹാ ശിവരാത്രി 'ജാഗര' എന്നും അറിയപ്പെടുന്നു. ആളുകൾ ദിവസം മുഴുവൻ തങ്ങളുടെ ആഗ്രഹങ്ങൾക്കായി ഉപവസി ക്കുകയും ശിവക്ഷേത്രത്തിന്റെ മുകളിൽ 'മഹാദീപം' ഉയർന്നതിന് ശേഷം മാത്രം ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. പോണ്ടിച്ചേരിയിലെ കരുവാടിക്കുപ്പം കുരുസിതാനന്ദ ക്ഷേത്രത്തിൽ മഹാശിവരാത്രിയുടെ തലേന്ന് ശിവലിംഗത്തിന് പാലും ചന്ദനവും ഉൾപ്പെടെ വിവിധ വസ്തുക്കളുമായി പ്രത്യേക അഭിഷേകങ്ങളും പൂജകളും നടത്തുന്നു. കൂടാതെ ക്ഷേത്രപരിസരത്ത് നാട്യാഞ്ജലിയും നടക്കും.

**നേപ്പാൾ:** മഹാശിവരാത്രി നേപ്പാളിലെ ദേശീയ അവധിയാണ്, രാജ്യത്തുടനീളമുള്ള ക്ഷേത്രങ്ങളിൽ, പ്രത്യേകിച്ച് പശുപതിനാഥ് ക്ഷേത്രത്തിൽ വിപുലമായി ആഘോഷിക്കപ്പെടുന്നു. സമീപത്തുള്ള പ്രസിദ്ധമായ ശിവശക്തി പീഠവും ആയിരക്കണക്കിന് ഭക്തർ സന്ദർശിക്കുന്നു. രാജ്യത്തുടനീളം വിപുലമായ ചടങ്ങുകൾ നടക്കുന്നു. തുണ്ടിഖേലിലെ ആർമി പവലിയനിൽ നടക്കുന്ന ഗംഭീരമായ ചടങ്ങിനിടയിലാണ് മഹാശിവരാത്രി നേപ്പാളി സൈനിക ദിനമായി ആഘോഷിക്കുന്നത്. വിവിധ ക്ലാസിക്കൽ സംഗീതങ്ങളും നൃത്തരൂപങ്ങളും കലാകാരന്മാർ രാത്രി മുഴുവൻ അവതരിപ്പിക്കുന്നു. ദൈവിക ജ്ഞാനം ഉത്ഭവിച്ച ആദി ഗുരു ആയും ശിവനെ ആരാധിക്കുന്നു. ഈ ദിവസം ആഘോഷിക്കുന്നതിനും പൂജ നടത്തുന്നതിനുമായി നേപ്പാളിൽ നിന്നും അയൽരാജ്യമായ ഇന്ത്യയിൽ നിന്നും കാഠ്മണ്ഡുവിൽ സ്ഥിതി ചെയ്യുന്ന പശുപതിനാഥ ക്ഷേത്രത്തിലേക്ക് സന്യാസിമാരും എത്തിച്ചേരുന്നു.

**പാകിസ്ഥാൻ:** ശിവരാത്രി ആഘോഷിക്കുന്ന മറ്റൊരു പ്രധാന ക്ഷേത്രമാണ് കറാച്ചിയിലെ ശ്രീ രത്നേശ്വർ മഹാദേവ് ക്ഷേത്രം, 25,000 പേർ പങ്കെടുക്കുന്നു. ശിവരാത്രി രാത്രിയിൽ കറാച്ചിയിലെ ഹിന്ദുക്കൾ ഉപവസിക്കുകയും ക്ഷേത്രം സന്ദർശിക്കുകയും ചെയ്യുന്നു. പിന്നീട്, ചനേസർ ഗോത്തിൽ നിന്നുള്ള ഭക്തർ ശിവന്റെ ധാരക്കായി പുണ്യനദി ഗംഗയിൽ

നിന്നുള്ള വെള്ളവും വഹിച്ചുകൊണ്ട് ക്ഷേത്രത്തിലെത്തുന്നു.

**ദക്ഷിണേഷ്യയ്ക്ക് പുറത്ത്:** നേപ്പാളിൽ നിന്നും ഇന്ത്യയിൽ നിന്നും ശൈവ ഹിന്ദു പ്രവാസികൾക്കിടയിൽ പ്രധാന ഹിന്ദു ഉത്സവമാണ് മഹാശിവരാത്രി. ഇൻഡോ-കരീബിയൻ കമ്മ്യൂണിറ്റികളിൽ, ആയിരക്കണക്കിന് ഹിന്ദുക്കൾ നാന്നൂറിലധികം ക്ഷേത്രങ്ങളിൽ ശിവന് പ്രത്യേക ഝല്ലകൾ (പാലും തൈരും, പുഷ്പങ്ങൾ, കരിമ്പ്, മധുരപലഹാരങ്ങൾ എന്നിവയുടെ വഴിപാട്) അർപ്പിച്ചുകൊണ്ട് മനോഹരമായ രാത്രി ചെലവഴിക്കുന്നു. മൗറീഷ്യസിൽ, ഹിന്ദുക്കൾ 'ഗംഗാ തലാവോ' എന്ന ഗർത്ത തടാകത്തിലേക്ക് തീർഥാടനം നടത്തുന്നു.

**ഇന്ത്യയിലെ 12 ജ്യോതിർലിംഗങ്ങൾ** - സോമനാഥ്, നാഗേശ്വർ, ഭീമശങ്കരം, ത്ര്യയംബകേശ്വരം ഗൃഹ്ണേശ്വരം, വൈദ്യനാഥ്, മഹാകാലേശ്വരം, ഓംകാരേശ്വരം, കാശി വിശ്വനാഥ്, കേദാർനാഥ്, രാമേശ്വരം, മല്ലികാർജ്ജുനം എന്നിവയാണ്. ഈ ക്ഷേത്രങ്ങൾ വലിയ മേളകളുടെയും പ്രത്യേക പരിപാടികളുടെയും കേന്ദ്രങ്ങളായി മാറുന്നു.

---

## വിക്രമാദിത്യ ചക്രവർത്തി




സാമ്രാട്ട് വിക്രമാദിത്യൻ ഒരു ഇതിഹാസ രാജാവായിരുന്നു, അദ്ദേഹം ബൈതൽ പച്ചിസിയിലും സിംഗാസൻ ബട്ടിസിയിലും ഉൾപ്പെടെ നൂറുകണക്കിന് പരമ്പരാഗത കഥകളിൽ ഇടം നേടിയിട്ടുണ്ട്. ഉജ്ജൈനിയിൽ തലസ്ഥാനമുള്ള ഭരണാധികാരി എന്നാണ് പലരും അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. വിക്രമാദിത്യൻ എന്ന പദം പല ഹിന്ദു രാജാക്കന്മാരും ഒരു സ്ഥാനപ്പേരായും ഉപയോഗിക്കുന്നു.

ജനകീയ പാരമ്പര്യമനുസരിച്ച്, വിക്രമാദിത്യ ചക്രവർത്തി തന്റെ രാജ്യം സ്ഥാപിച്ചത് ചൈത്രമാസത്തിന്റെ ആദ്യ ദിവസമാണ്, 57 ബി.സി. യിൽ ശകരെ പരാജയപ്പെടുത്തി വിക്രമ സംവത്സരം ആരംഭിച്ചു. നിലവിലെ പൊതുവർഷമായ 2023-ൽ, പുതിയ വിക്രമ സംവത്സരം മാർച്ച് 22-ന് ആരംഭിക്കും.

ഇത് ചൈത്ര മാസത്തിലെ ആദ്യ ദിവസമാണ് (പ്രതിപദ തിഥി, ശുക്ല പക്ഷം), വർഷം 2080 ആണ്. സമ്രാട്ട് വിക്രമാദിത്യനാണോ പിന്നീട് വിക്രമാദിത്യനെന്ന പേര് സ്വീകരിച്ച ചന്ദ്രഗുപ്ത മൗര്യനാണോ വിക്രമസംവത്സരം തുടങ്ങിയതെന്ന് ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ ഭിന്നത ഉണ്ട്. ഈ ദിവസം ഏറ്റവും ശുഭകരമായ ദിവസമാണ്, ഈ ദിവസമാണ് ബ്രഹ്മാവ് പ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിച്ചതെന്നും ഇത് ശ്രീരാമന്റെ പട്ടാഭിഷേക ദിവസമായും കണക്കാക്കപ്പെടുന്നു.

"വിക്രമാദിത്യൻ" എന്നത് നിരവധി ഇന്ത്യൻ രാജാക്കന്മാർ സ്വീകരിച്ച ഒരു പൊതു സ്ഥാനപ്പേരായിരുന്നു, വിക്രമാദിത്യ ഇതിഹാസങ്ങൾ വ്യത്യസ്തരാജാക്കന്മാരുടെ വിവരണങ്ങളായിരിക്കാം. എന്നിരുന്നാലും, ശക കാലഘട്ടത്തിലെ പല ഗ്രന്ഥങ്ങളും ശക്തനായുള്ള ഈ ഭരണാധികാരിയെ പരാമർശിക്കുന്നു.

## ഭവിഷ്യ പുരാണം

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം വരെ എഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഒരു പുരാതന ഹിന്ദു ഗ്രന്ഥമായ ഭവിഷ്യ പുരാണം വിക്രമാദിത്യനെ പരമാരന്മാരുമായി ബന്ധിപ്പിക്കുന്നു. (3.1.6.45–7.4) അനുസരിച്ച്, ആദ്യത്തെ പരമാര രാജാവ് പ്രമാരനായിരുന്നു (ജനിച്ചത് മൗണ്ട് അബുവിലെ അഗ്നികുണ്ഡത്തിൽ നിന്നാണ്. അതിനാൽ അഗ്നിവംശം) വിക്രമാദിത്യൻ, ശാലിവാഹനൻ, ഭോജൻ എന്നിവരെ പ്രമരന്റെ പിൻഗാമികളും പരമാര രാജവംശത്തിലെ അംഗങ്ങളും ആയി വിവരിക്കുന്നു.

ഭവിഷ്യ പുരാണമനുസരിച്ച്, വേദേതര വിശ്വാസങ്ങളാൽ ലോകം അധഃപതിച്ചപ്പോൾ, ശിവൻ വിക്രമാദിത്യനെ ഭൂമിയിലേക്ക് അയക്കുകയും അവനുവേണ്ടി 32 രൂപകല്പനകളാൽ അലങ്കരിച്ച ഒരു സിംഹാസനം സ്ഥാപിക്കുകയും ചെയ്തു (സിംഹാസന ദ്വാത്രിംസികയുടെ പരാമർശം). വിക്രമാദിത്യനെ സംരക്ഷിക്കാനും കടങ്കഥകൾ പഠിപ്പിക്കാനും ശിവന്റെ ഭാര്യ പാർവതി ഒരു വേതാളത്തെ സൃഷ്ടിച്ചു (ബൈതൽ പച്ചിസി ഇതിഹാസങ്ങളെക്കുറിച്ചുള്ള പരാമർശം). വേതാള കഥകൾ കേട്ട് വിക്രമാദിത്യൻ അശ്വമേധ യജ്ഞം നടത്തി. ബലികുതിരയുടെ സ്വതന്ത്രമായ യാത്ര വിക്രമാദിത്യന്റെ സാമ്രാജ്യത്തിന്റെ അതിർത്തി നിർവചിച്ചു: പടിഞ്ഞാറ് സിന്ധു നദി, വടക്ക് ബദരീനാഥ്, കിഴക്ക് കപില, തെക്ക് സേതുബന്ധ (രാമേശ്വരം). പരമാരേതര മൂന്ന് വംശങ്ങളിൽ നിന്നുള്ള രാജകുമാരിമാരെ വിവാഹം കഴിച്ചുകൊണ്ട് ചക്രവർത്തി നാല് അഗ്നിവംശി വംശങ്ങളെ ഒന്നിപ്പിച്ചു. ചൗഹാൻ വംശത്തിൽ നിന്നുള്ള വീര, ചാലൂക്യ വംശത്തിൽ നിന്നുള്ള നിജ, പരിഹാര വംശത്തിൽ നിന്നുള്ള ഭോഗവതി. ചന്ദ്ര ഒഴികെയുള്ള എല്ലാ ദേവന്മാരും അദ്ദേഹത്തിന്റെ വിജയം ആഘോഷിച്ചു (പരാമർമാരെപ്പോലുള്ള സൂര്യവംശികളുടെ എതിരാളികളായ ചന്ദ്രവംശികളെക്കുറിച്ചുള്ള പരാമർശം).

വിക്രമാദിത്യന്റെ ഭാരതവർഷ സാമ്രാജ്യത്തിൽ

(ഇന്ത്യ) 18 രാജ്യങ്ങൾ ഉണ്ടായിരുന്നു. കുറ്റമറ്റ ഭരണത്തിനു ശേഷം അദ്ദേഹം സ്വർഗത്തിലേക്ക് ഉയർന്നു. കലിയുഗാരംഭത്തിൽ വിക്രമാദിത്യൻ കൈലാസത്തിൽ നിന്ന് വന്ന് നൈമിഷ വനത്തിൽ നിന്ന് മുനിമാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. ഗോരഖ്നാഥ്, ഭർതൃഹരി, ലോമഹർസൻ, സൗനക തുടങ്ങിയ മുനിമാർ പുരാണങ്ങളും ഉപപുരാണങ്ങളും പാരായണം ചെയ്തു. വിക്രമാദിത്യന്റെ മരണത്തിന് നൂറ് വർഷങ്ങൾക്ക് ശേഷം, ശകന്മാർ വീണ്ടും ഭാരതം ആക്രമിച്ചു. വിക്രമാദിത്യന്റെ ചെറുമകനായ ശാലിവാഹനൻ അവരെയും മറ്റ് ആക്രമണകാരികളെയും കീഴടക്കി. ശാലിവാഹനൻ മരിച്ച് അഞ്ഞൂറ് വർഷങ്ങൾക്ക് ശേഷം ഭോജൻ പിന്നീടുള്ള ആക്രമണകാരികളെ പരാജയപ്പെടുത്തി.

## തമിഴ് ഇതിഹാസങ്ങൾ

ഒരു മധ്യകാല തമിഴ് ഇതിഹാസത്തിൽ വിക്രമാദിത്യന്റെ ശരീരത്തിൽ 32 അടയാളങ്ങളുണ്ട്, ഇത് സാർവത്രിക ചക്രവർത്തിമാരുടെ സ്വഭാവമാണ്. കാഞ്ചീപുരത്തെ കാമാക്ഷി ദേവിക്ക് ചക്രവർത്തി തന്റെ തല സമർപ്പിച്ചാൽ അത് ലഭിക്കുമെന്ന് 'ആൽക്കെമിക് ക്വിക്ക്സിൽവർ' ആവശ്യമുള്ള ഒരു ബ്രാഹ്മണനോട് പറയുന്നു. സ്വയം ത്യാഗം ചെയ്യാൻ വിക്രമാദിത്യൻ സമ്മതിച്ചെങ്കിലും, യാഗം കൂടാതെ ദേവി അദ്ദേഹത്തിന്റെ ആഗ്രഹം നിറവേറ്റുന്നു.

മറ്റൊരു തമിഴ് ഇതിഹാസത്തിൽ, ദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനായി വിക്രമാദിത്യൻ നവഖണ്ഡം ആചാരത്തിന്റെ (ശരീരം ഒമ്പത് സ്ഥലങ്ങളിൽ മുറിക്കുക) ഒരു വകഭേദം നടത്താൻ വാഗ്ദാനം ചെയ്യുന്നു. അദ്ദേഹം തന്റെ ശരീരം എട്ട് സ്ഥലങ്ങളിൽ (എട്ട് ഭൈരവന്മാർക്ക്) മുറിക്കാൻ വാഗ്ദാനം ചെയ്യുന്നു, കൂടാതെ തന്റെ തല ദേവിക്ക് സമർപ്പിക്കുന്നു. പ്രത്യുപകാരമായി, നരബലി അവസാനിപ്പിക്കാൻ അദ്ദേഹം ദേവിയെ ബോധ്യപ്പെടുത്തുന്നു.

## അയോധ്യ ഇതിഹാസം

അയോധ്യയിലെ ഒരു ഐതിഹ്യമനുസരിച്ച്, നൂറ്റാണ്ടുകളോളം നഷ്ടപ്പെട്ട നഗരം വിക്രമാദിത്യൻ വീണ്ടും കണ്ടെത്തി. വിക്രമാദിത്യൻ അയോധ്യയിൽ തിരച്ചിൽ തുടങ്ങി, തീർത്ഥരാജാവായ പ്രയാഗയെ കണ്ടു. പ്രയാഗയുടെ നേതൃത്വത്തിൽ വിക്രമാദിത്യൻ സ്ഥലം അടയാളപ്പെടുത്തി, പക്ഷേ അത് എവിടെയാണെന്ന് മറന്നു. പശുവിനെയും കിടാവിനെയും യാത്രയാക്കണമെന്ന് ഒരു യോഗി പറഞ്ഞു; 'പശുവിന്റെ അകിടിൽ നിന്ന് പാൽ ഒഴുകാൻ തുടങ്ങിയ സ്ഥലം അയോധ്യയായിരിക്കും'. ഈ ഉപദേശത്തെ തുടർന്ന് വിക്രമാദിത്യൻ പുരാതന അയോധ്യയുടെ സ്ഥലം കണ്ടെത്തി.

## നവരത്നങ്ങൾ

കാളിദാസനെ പരാമർശിക്കുന്ന ഒരു ഗ്രന്ഥമായ ജ്യോതിർവിദാഭരണത്തിൽ (22.10) വിക്രമാദിത്യന്റെ

കൊട്ടാരത്തിൽ ശ്രദ്ധേയരായ ഒമ്പത് പണ്ഡിതന്മാരെ രേഖപ്പെടുത്തിയിട്ടുണ്ട്, അവരാണ് നവരത്നങ്ങൾ.

1. വിദ്യസിംഹൻ 2. ധന്വന്തരി
3. ഘടകർപരൻ 4. കാളിദാസൻ
5. ക്ഷപണകൻ 6. ശങ്കു
7. വരാഹമിഹിരൻ 8. വരരുചി
9. വേതാള ഭട്ടൻ

അമർ ചിത്ര കഥ കോമിക്-ബുക്ക് പരമ്പരയിൽ നിരവധി വിക്രമാദിത്യ കഥകൾ കാണാം. നിരവധി ഇന്ത്യൻ സിനിമകൾ വിക്രമാദിത്യ രാജാവിന്റെ കഥയെ അടിസ്ഥാനമാക്കിയുള്ളതാണ്. 1980-കളിൽ ദൂരദർശനിൽ പ്രത്യക്ഷപ്പെട്ട 'വിക്രം ഔർ വേതാൾ' ബൈതൽ പച്ചിസിയെ അടിസ്ഥാനമാക്കിയുള്ളതാണ്. ദൂരദർശൻ ടെലിവിഷൻ ഷോയുടെ റീമേക്ക് ആയ 'കഹാനിയ വിക്രം ഔർ വേതാൽ കി', 2009-ൽ കളേഴ്സ് ടിവിയിൽ സംപ്രേഷണം ചെയ്തു. വിക്രമാദിത്യനോടുള്ള ബഹുമാനാർത്ഥം ഇന്ത്യൻ നാവികസേനയുടെ വിമാനവാഹിനിക്കപ്പലിന് 'ഐഎൻഎസ് വിക്രമാദിത്യ' എന്ന പേര് നൽകി. 2016 ഡിസംബർ 22-ന് സാമ്രാട്ട് വിക്രമാദിത്യനെ ആദരിക്കുന്ന ഒരു സ്മരണിക തപാൽ സ്റ്റാമ്പ് ഇന്ത്യാ പോസ്റ്റ് പുറത്തിറക്കിയിട്ടുണ്ട്.

---------------------------------

## ക്രോധം സമാധാനത്തിന്റെ ശത്രു - (അമൃതാനന്ദമയിദേവി അമ്മ)




**മനസ്സിൽ ദേഷ്യവും പകയും നിറഞ്ഞിരിക്കുന്നിടത്തോളം കാലം ഒരു വ്യക്തിക്ക് ഒരിക്കലും മനഃശാന്തി കിട്ടില്ല.**

മക്കളേ,

ഇന്ന് ലോകത്ത് കാണപ്പെടുന്ന യുദ്ധങ്ങളുടെയും ഭീകരാക്രമണങ്ങളുടെയുമെല്ലാം മൂലകാരണം വ്യക്തി മനസ്സിലെ വിദ്വേഷമാണ്. ക്രോധമെന്നത് അന്ധകാരം പോലെയാണ്. ഇരുട്ടുള്ള മുറിയിലൂടെ നടക്കാൻ ശ്രമിച്ചാൽ നാം ഏതെങ്കിലും വസ്തുവിൽ തട്ടിത്തടഞ്ഞുവീഴും. വിലപിടിച്ച വസ്തുക്കൾ വീണുകേടായെന്നും വരാം. ആ നഷ്ടങ്ങളെക്കുറിച്ച് നാം മനസ്സിലാക്കുന്നത് വീണ്ടും പ്രകാശം വരുമ്പോൾ മാത്രമാണ്. ഇതുപോലെ ക്രോധം വരുമ്പോൾ നമുക്കുചുറ്റും ഇരുട്ടാണ്. നാം എന്താണ് പറയുന്നതെന്നോ എന്താണ് ചെയ്യുന്നതെന്നോ നമുക്ക് ബോധമില്ല. പിന്നീട്

ദേഷ്യം അടങ്ങുമ്പോഴാണ് നമ്മൾ തെറ്റ് മനസ്സിലാക്കുന്നത്. അപ്പോഴേക്കും വളരെ വൈകിപ്പോയിരിക്കും. നിസ്സാര കാര്യങ്ങൾക്ക് ദേഷ്യപ്പെടുന്നത് നമ്മുടെ ശീലമായിത്തീരാൻ ഒരിക്കലും അനുവദിക്കരുത്. ദുശ്ശീലങ്ങൾ മാർദ്ദവമേറിയ മെത്തപോലെയാണ്. അതിൽ കിടക്കാൻ സുഖമാണ്. എഴുന്നേൽക്കാനാണ് പ്രയാസം.

തനിക്ക് താമസിക്കാൻ ഇടംതരുന്നയാളിനെത്തന്നെ കൊല്ലുന്ന നന്ദിയില്ലാത്ത ജീവിയെപ്പോലെയാണ് ദേഷ്യം. മനസ്സിൽ വിദ്വേഷം പുലർത്തുന്നത് നമ്മൾ സ്വയം വിഷം കഴിച്ച് ശത്രു മരിക്കുമെന്ന് പ്രതീക്ഷിക്കുന്നതുപോലെയാണ്.

ഒരു യുവാവിനെ അയാളുടെ ബിസിനസ് പങ്കാളി കള്ളക്കേസ്സിൽ കുടുക്കി. അയാളെ പോലീസ് അറസ്റ്റുചെയ്തു. കീഴ് കോടതി അയാളെ ജയിൽശിക്ഷയ്ക്കുവിധിച്ചു. എന്നാൽ, ഹൈക്കോടതിയിൽ അയാൾ നിരപരാധിയാണെന്നു തെളിഞ്ഞു. ജയിലിൽനിന്നു മോചിതനായി വീട്ടിലെത്തിയിട്ടും അയാളുടെ മനസ്സ് തന്റെ ശത്രുവിനോടുള്ള വിദ്വേഷംകൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു. അയാൾ അച്ഛനോട് പറഞ്ഞു: ''എന്നെ ചതിച്ച എന്റെ പങ്കാളിയെ ഒരു പാഠം പഠിപ്പിക്കുന്നതുവരെ ഞാൻ വിശ്രമിക്കില്ല. അവനെ സ്വസ്ഥതയോടെ കഴിയാൻ ഞാൻ അനുവദിക്കില്ല.''


ഇതുകേട്ട് അച്ഛൻ പറഞ്ഞു: ''പൊന്നുമോനേ, ഞാൻ കരുതി, നീ ജയിലിൽനിന്ന് മോചിതനായി എന്ന്. പക്ഷേ, നീ ഇപ്പോഴും ജയിലിൽത്തന്നെയാണ്.'' മനസ്സിൽ ദേഷ്യവും പകയും നിറഞ്ഞിരിക്കുന്നിടത്തോളം കാലം ഒരു വ്യക്തിക്ക് ഒരിക്കലും മനഃശാന്തി കിട്ടില്ല. അയാൾ ദേഷ്യത്തിന്റെയും പ്രതികാരത്തിന്റെയും ചിന്തകളുടെ തടവറയിലായിരിക്കും.

ആഴ്ചയിൽ ഒരു ദിവസമെങ്കിലും 'ഇന്നു ഞാൻ ആരോടും കോപിക്കുകയില്ല' എന്നൊരു വ്രതം എടുക്കാൻ ശ്രമിക്കണം. പെട്ടെന്ന് വിജയിക്കാൻ സാധിച്ചെന്നുവരില്ല. എന്നാൽ, പത്തുപ്രാവശ്യം കോപിച്ചിരുന്നത് ഒൻപതാക്കി കുറയ്ക്കാൻ കഴിഞ്ഞെന്നിരിക്കും. അത്രയും നമ്മൾ ജയിച്ചു. ആ ദിവസം ദേഷ്യപ്പെടാൻ ഇടയായാൽ അതിനു പ്രായശ്ചിത്തമായി ഒരു നാണയമോ ഒരു പിടി അരിയോ പാവങ്ങൾക്ക് കൊടുക്കാനായി മാറ്റിവെക്കണം. ദേഷ്യപ്പെട്ട വ്യക്തിയോട് ദേഷ്യം മാറുമ്പോൾ ക്ഷമചോദിക്കാനും നമ്മൾ തയ്യാറാകണം.

ക്രോധമാണ് വലിയ ശത്രു. ക്രോധത്തെ ഇല്ലാതാക്കുന്നത് എല്ലാ ശത്രുക്കളെയും ഒരേസമയം ഇല്ലാതാക്കുന്നതിന് തുല്യമാണ്. ക്രോധത്തെ ജയിച്ചവർക്ക് എല്ലാവരും മിത്രങ്ങൾതന്നെ.

———————————————

# പൗർണമിക്കാവ് – അക്ഷരങ്ങളുടെ ക്ഷേത്രം




കേരളത്തിലെ തിരുവനന്തപുരം ജില്ലയിൽ കോവളത്ത് നിന്ന് ഏകദേശം 5 കിലോമീറ്റർ അകലെ, വിഴിഞ്ഞം ഹാർബറിൽ നിന്ന് 2.1 കിലോമീറ്റർ മാറി വെങ്ങാനൂരിലെ ചാവടിനടയിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

പൗർണമിക്കാവ് ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ശ്രീ ബാല ത്രിപുര സുന്ദരി ദേവിയാണ് ('ആയ് രാജവംശത്തിന്റെ' യുദ്ധദേവത). ലോകത്തിലാദ്യമായി 51 അക്ഷര ദേവതകളുടെ പ്രതിഷ്ഠയും ആരാധനയും കാരണം ഈ ക്ഷേത്രത്തെ അക്ഷര ദേവതാ ക്ഷേത്രം എന്നും വിളിക്കുന്നു. കൂടാതെ, ഏകദേശം 25 ഉപദേവതകൾ കൂടി ഇവിടെ ഉണ്ട്.




പൗർണമി നാളിലും നവാഹം, ഉത്സവം, വിദ്യാരംഭം തുടങ്ങിയ ചില പ്രത്യേക അവസരങ്ങളിലും മാത്രം തുറക്കുന്ന ക്ഷേത്രമാണിത്. തുറക്കുന്ന ദിവസം, ഇവിടെ ഏതാണ്ട് ഒരു ഉത്സവം പോലെയാണ്, ലോകമെമ്പാടുമുള്ള വിവിധ സ്ഥലങ്ങളിൽ നിന്ന് ആയിരക്കണക്കിന് ഭക്തർ ക്ഷേത്രം സന്ദർശിക്കുന്നു; ദേവിയോട് പ്രാർത്ഥിക്കുക വഴി പ്രധാനമായും തങ്ങളുടെ രോഗങ്ങൾ ഭേദമാക്കുന്നതിനും, ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നതിനും, കുലദേവതകളെ (കുടുംബദൈവങ്ങളെ) കണ്ടെത്തി ദോഷം പരിഹരിക്കുന്നതിനും, അതുവഴി തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു. മതവും ജാതിയും നോക്കാതെ എല്ലാവർക്കും പ്രവേശനം അനുവദിച്ചിരിക്കുന്നു.

കൃഷ്ണശിലയിൽ നിന്ന് ഒറ്റക്കല്ലിൽ കൊത്തിയെടുത്ത ഏറ്റവും വലിയ പഞ്ചമുഖ (5 മുഖമുള്ള) ഗണേശ വിഗ്രഹം (200 സെന്റീമീറ്റർ ഉയരം), ഒറ്റക്കല്ലിൽ തീർത്ത ഏറ്റവും വലിയ നാഗരാജ വിഗ്രഹം (275 സെന്റീമീറ്റർ ഉയരം), ലോകത്തിലെ ഏറ്റവും വലിയ പഞ്ചലോഹ വിഗ്രഹം (പൗർണമികാവ് ദേവിയുടെ വിഗ്രഹം 6.5 അടി ഉയരം, 1300 കിലോ ഭാരം) എന്നിവയും ഈ ക്ഷേത്രം പ്രസിദ്ധമാണ്.

പൗർണമി ദിനത്തിൽ ക്ഷേത്രത്തിൽ നടക്കുന്ന വിവിധ ചടങ്ങുകളിൽ മഹാഗണപതി ഹോമം, അക്ഷര ദേവതാ പൂജ, സരസ്വതി പൂജ, സർവശാപ ദോഷശാന്തി പൂജ, ലക്ഷ്മി പൂജ, പൗർണമി പൂജ, കലശ പൂജ, കലശാഭിഷേകം, ശ്രീ ചക്ര പൂജ, പഞ്ചശക്തി പൂജ, കാര്യസിദ്ധി പൂജ, ചണ്ഡികാ ഹോമം, ഗുരുതി പൂജ, നാഗർ പൂജ, സർപ്പ ദോഷ നിവാരണ പൂജ, കുലദേവത പൂജ, കാല സർപ്പ ദോഷ ശാന്തി പൂജ, മൃത്യുഞ്ജയ പൂജ തുടങ്ങിയവ ഉൾപ്പെടുന്നു. ദേവിയെ പ്രാർത്ഥിക്കാൻ വരുന്ന ഭക്തർ നെയ്യ് വിളക്കും കൊണ്ടുവരുന്നു; അതിനെ 'ദീപ പ്രദക്ഷിണം' എന്ന് വിളിക്കുന്നു.

പൗർണമി ദിവസം രാവിലെ മുതൽ രാത്രി വരെ എല്ലാ ഭക്തജനങ്ങൾക്കും സൗജന്യമായി ഇഷ്ടംപോലെ ഭക്ഷണം, വിദ്യാർത്ഥികൾക്ക് സൗജന്യ പഠനോ പകരണങ്ങൾ വിതരണം, പാവപ്പെട്ടവർക്ക് പലചരക്ക് കിറ്റ് വിതരണം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങ ളിലും ക്ഷേത്രം പങ്കുചേരുന്നു.

**പൗർണമിക്കാവിന്റെ ചരിത്രം – പടകാളിയമ്മൻ (യുദ്ധദേവത)**

കേരളത്തിലെ തിരുവനന്തപുരത്ത് വിഴിഞ്ഞത്തിന് ചുറ്റുമുള്ള പ്രദേശം ആയ് രാജവംശമാണ് ഭരിച്ചിരുന്നത്. വിഴിഞ്ഞം ഒരു സുസ്ഥിര തുറമുഖവും സമ്പന്ന നഗരവു മായിരുന്നു. ആയ് രാജവംശത്തിലെ യുദ്ധദേവത (പടകാളിയമ്മ) ആയിരുന്നു പൗർണമിക്കാവ് ദേവി. അവരുടെ സാമ്പത്തിക, വിദ്യാഭ്യാസ, വ്യാവസായിക അഭിവൃദ്ധിയുടെ കാരണം ആ ദേവി ആയിരുന്നു, കൂടാതെ ചോളരെപ്പോലെ മറ്റ് ഭരണാധികാരികളിൽ നിന്നുള്ള ആക്രമണത്തിൽ നിന്നും ദേവി അവരെ സംരക്ഷിച്ചു പോന്നു.

ആയ് രാജവംശത്തെ കീഴടക്കാൻ ചോള രാജാക്കന്മാർ ദേവിയുടെ വിഗ്രഹങ്ങളും ആഭരണങ്ങളും കയ്യടക്കാൻ ശ്രമിച്ചു. ഇത് തടയാൻ ആയ് രാജാക്കന്മാർ വിഴിഞ്ഞത്തെ ക്ഷേത്രത്തിൽ നിന്ന് വിഗ്രഹം എടുത്ത് അടുത്തുള്ള വനത്തിലെ (കേരളത്തിൽ വെങ്ങാനൂരുള്ള ഇന്നത്തെ ചാവടിനട) ഒരു മരത്തിന്റെ ചുവട്ടിൽ സ്ഥാപിച്ചു. കച്ചവടത്തിനോ യുദ്ധത്തിനോ പോകുന്നതിന് മുമ്പ് ആയ് രാജാക്കന്മാർ ഇവിടെ പൂജകൾ നടത്തിയിരുന്നു. എന്നാൽ കാലക്രമേണ, ആയ് രാജാക്കന്മാരുടെ തുടർന്നുള്ള തലമുറകൾ ഈ പാരമ്പര്യം പാലിച്ചില്ല. ഇത് ദേവിയുടെ കോപം ക്ഷണിച്ചു വരുത്തി, അത് ആയ് രാജവംശത്തിന് ദുഃഖവും ദാരിദ്ര്യവും ദുരന്തങ്ങളും വരുത്തി അവരുടെ പതനത്തിലേക്ക് നയിച്ചു. ഈ പ്രദേശത്തിന്റെ ഭരണം ഏറ്റെടുത്ത പുതിയ രാജവംശങ്ങൾ ദേവിയെ ആരാധിക്കാൻ നിരവധി പുരോഹിതന്മാരെ നിയമിച്ചു; എങ്കിലും അവരുടെ പൂജകളിൽ ദേവി തൃപ്തയായില്ല.

കാലക്രമേണ, സമീപ പ്രദേശങ്ങൾ നിരവധി വ്യക്തികളുടെയും കുടുംബങ്ങളുടെയും കൈകളിലായി, പക്ഷേ പ്രശ്നങ്ങൾ ഈ കുടുംബങ്ങളെയും ചുറ്റുപാടുകളെയും ബാധിച്ചു. ഇത് ദൈവകോപമാണെന്ന് ജ്യോതിഷികൾ


മനസ്സിലാക്കുകയും ദേവിയുടെ കൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തു. ദേവി അവരിൽ പ്രസാദിച്ചു, ജ്യോതിഷികളുടെ നിർദ്ദേശപ്രകാരം ക്ഷേത്ര പുനർനിർമ്മാണവും പ്രതിഷ്ഠാ പ്രവർത്തനങ്ങളും നടത്തി. ബ്രഹ്മശ്രീ പൂഞ്ഞാർ മിത്രൻ നമ്പൂതിരിപ്പാട് (പൂഞ്ഞാർ കൊട്ടാരത്തിലെ കുലഗുരു) 2009-ൽ പൗർണമിക്കാവ് ക്ഷേത്രത്തിൽ 'പടകാളിയമ്മ' എന്ന ദേവിയെ പുനഃപ്രതിഷ്ഠിച്ചു.

അങ്ങനെ പൗർണമിക്കാവ് ദേവി തന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുത്തുകൊണ്ട് എല്ലാ പൗർണമി ദിവസങ്ങളിലും ആയിരക്കണക്കിന് ഭക്തജനങ്ങളുടെ സാന്നിധ്യത്തിൽ പൂജകൾ നടക്കുന്നു. ക്ഷേത്രം അതിന്റെ ചരിത്രപരമായ പൈതൃകത്താലും ഭക്തരുടെ ആത്മാർത്ഥമായ പ്രാർത്ഥനകൾക്ക് ദേവി ഉത്തരം നൽകുന്നതിനാലും ആഘോഷിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു!

**പ്രപഞ്ച യാഗം:** 2023 മാർച്ച് 31 മുതൽ ഏപ്രിൽ 6 വരെ പൗർണമികാവ് ക്ഷേത്രത്തിൽ ഏഴു ദിവസം നീണ്ടുനിൽക്കുന്ന 'പ്രപഞ്ചയാഗം' നടത്തും. ഹിമാലയത്തിൽ നിന്നുള്ള അഘോരി സന്യാസിയായ '1008 മഹാ മണ്ഡലേശ്വർ ശ്രീ ശ്രീ കൈലാസപുരി സ്വാമി'യാണ് പ്രധാന യാഗാചാര്യൻ. നേപ്പാളിലെ പശുപതിനാഥ ക്ഷേത്രം, മധുര മീനാക്ഷി ക്ഷേത്രം, തിരുവിടൈമരുതൂർ മഹാലിംഗ സ്വാമി ക്ഷേത്രം എന്നിവിടങ്ങളിലെ മുഖ്യ പുരോഹിതർ യാഗത്തിന് നേതൃത്വം നൽകും. ഈ യാഗത്തിൽ, സരസ്വതി ദേവിയുടെ 5 അടി ഉയരമുള്ള ഒറ്റക്കല്ലിൽ നിർമ്മിച്ച വിഗ്രഹം പ്രതിഷ്ഠിക്കും. ഇതുകൂടാതെ, പഞ്ചഭൂത ലിംഗങ്ങളുടെ (5 ശിവലിംഗങ്ങൾ) പ്രതിഷ്ഠാ ചടങ്ങും നടക്കും (ഇതിൽ, അഗ്നിലിംഗം ചൈതന്യവത്താക്കിയത് ക്ഷേത്രത്തിൽ കഴിഞ്ഞ വർഷം 10 ദിവസം നീണ്ട 'മഹാ കാളികാ യാഗ'ത്തിൽ നടത്തിയ പൂജകളാൽ ആണ്). നേപ്പാളിലെ ഗണ്ഡകി നദിയിൽ നിന്ന് കൊണ്ടുവരുന്ന ഏറ്റവും മികച്ച സാളഗ്രാമങ്ങളാണ് ഈ ശിവലിംഗ പ്രതിഷ്ഠയ്ക്ക് ഉപയോഗിക്കുക

---------------------------------------

## പാലം കല്യാണസുന്ദരം
## (2023-ൽ പത്മശ്രീ)




ലൈബ്രേറിയനായി വിരമിച്ച, 82 വയസ്സുള്ള സാമൂഹിക പ്രവർത്തകനായ പാലം കല്യാണസുന്ദരം, സാമൂഹിക പ്രവർത്തന മേഖലയിലെ അസാധാരണമായ

സമർപ്പണത്തിന് പലപ്പോഴും പ്രശംസിക്കപ്പെടാറുണ്ട്. ഇപ്പോൾ, തന്റെ തൊപ്പിയിൽ ഒരു തൂവൽ കൂടി ചേർത്തുകൊണ്ട്, തിരുനെൽവേലിയിൽ (തമിഴ് നാട്) ജനിച്ച ഈ മനുഷ്യന് 2023-ലെ പത്മശ്രീ പുരസ്കാരം ലഭിക്കുന്നു.

രാജ്യത്തെ പരമോന്നത സിവിലിയൻ പുരസ്കാരങ്ങളിൽ ഒന്നാണ് പത്മ പുരസ്കാരങ്ങൾ. ഈ വർഷം മൂന്ന് വിഭാഗങ്ങളിലായി 106 അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തതിൽ സാമൂഹിക പ്രവർത്തന മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക്, കല്യാണസുന്ദരം രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങും.

മദ്രാസ് സർവകലാശാലയിൽ വിദ്യാഭ്യാസം നേടിയ കല്യാണസുന്ദരം ലൈബ്രറിസയൻസിൽ സ്വർണമെഡൽ ജേതാവാണ്. കൂടാതെ, ഇന്ത്യയിലെ ഏറ്റവും മികച്ച ലൈബ്രേറിയൻ അവാർഡും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. വർഷങ്ങളോളം ഈ മേഖലയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിലും, ഇദ്ദേഹം തന്റെ മുഴുവൻ ശമ്പളവും ദരിദ്രർക്കായി സംഭാവന ചെയ്തു എന്നതാണ് അദ്ദേഹത്തിന്റെ മഹത്വം.

ജനങ്ങളെ സേവിക്കുക എന്ന ലക്ഷ്യത്തോടെ കല്യാണസുന്ദരം അവിവാഹിതനായി തുടർന്നു, തന്റെ സമയവും പരിശ്രമവും പണവും ദരിദ്രരുടെ ക്ഷേമത്തിനായി നീക്കിവച്ചു. അതിന്റെ ഭാഗമായി അദ്ദേഹം 'പാലം' എന്ന പേരിൽ ഒരു സർക്കാരിതര സംഘടന (എൻജിഒ) സ്ഥാപിച്ച് സഹായം ആവശ്യമുള്ളവർക്കായി ധാരാളം പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.

കല്യാണസുന്ദരത്തിന് ചെറുപ്രായത്തിൽ തന്നെ അച്ഛനെ നഷ്ടപ്പെട്ടു. 'സ്വയം പ്രചോദന' പുസ്തകങ്ങളുടെ രചയിതാവായ തമിഴ് വാനൻ തന്നോട് പറഞ്ഞ വാക്കുകളിൽ കല്യാണസുന്ദരം ആകൃഷ്ടനായി: "നിങ്ങൾ എങ്ങനെ സംസാരിക്കുന്നുവെന്ന് വിചാരിച്ച് വിഷമിക്കരുത്. മറ്റുള്ളവർ നിങ്ങളെക്കുറിച്ച് നല്ല രീതിയിൽ സംസാരിക്കാൻ വേണ്ടി ശ്രമിക്കുക." മഹാനായ ആ എഴുത്തുകാരൻ, കല്യാണസുന്ദരത്തെ തന്റെ ഫെമിനിസ്റ്റ് ശബ്ദത്തിന്റെ അപകർഷതാ ബോധത്തിൽ നിന്ന് പുറത്ത് കൊണ്ടുവരാൻ ഈ വാക്കുകൾ ആണ് ഉപയോഗിച്ചത്.

ഒരു മാധ്യമ ചർച്ചയിൽ കല്യാണസുന്ദരം പറഞ്ഞു: "സാധ്യമായ മൂന്ന് വഴികളിലൂടെ ഒരാൾക്ക് പണം നേടാം. ആദ്യം, വരുമാനത്തിലൂടെ; രണ്ടാമതായി, മാതാപിതാക്കളുടെ വരുമാനത്തിലൂടെ, മൂന്നാമതായി, ആരെങ്കിലും സംഭാവന ചെയ്ത പണത്തിലൂടെ. എന്നാൽ നിങ്ങളുടെ സ്വന്തം സമ്പാദ്യത്തിൽ നിന്ന് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പണം സംഭാവന ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതൽ തൃപ്തികരമായ മറ്റൊന്നില്ല".

## നേട്ടങ്ങളും ആദരങ്ങളും.

അദ്ദേഹത്തിന് മാൻ ഓഫ് മില്ലേനിയം - സഹസ്രാബ്ദങ്ങളുടെ മഹാൻ എന്ന ബഹുമതിയും,

അനാഥരുടെ പ്രയോജനത്തിനായി അദ്ദേഹം നൽകിയ സംഭാവനകളുടെ ഭാഗമായി 30 കോടി രൂപ പുരസ്കാരവും ഒരു അമേരിക്കൻ സംഘടന നൽകി; എന്നാൽ അദ്ദേഹം കിട്ടിയ മൊത്തം തുകയും ദാനധർമ്മമായി നൽകി. തന്റെ ശമ്പളം മുഴുവൻ ദുരിതബാധിതർക്ക് സംഭാവന ചെയ്ത ലോകത്തിലെ ആദ്യ വ്യക്തികളിൽ ഒരാളാണ് അദ്ദേഹം. റോട്ടറി ക്ലബ് ഓഫ് ഇന്ത്യ നൽകിയ "ആജീവനാന്ത സേവനം" അവാർഡ് മുതൽ അവാർഡുകളുടെ പട്ടിക അവസാനിക്കുന്നില്ല. ലോകത്തിലെ ഏറ്റവും മികച്ച 10 ലൈബ്രേറിയൻമാരിൽ ഒരാളാണ് കല്യാണസുന്ദരം. കേന്ദ്രസർക്കാരിന്റെ ഇന്ത്യയിലെ മികച്ച ലൈബ്രേറിയനുള്ള പുരസ്കാരവും അദ്ദേഹത്തെ തേടിയെത്തി.

മുൻ ഇന്ത്യൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാം 2000ജൂലൈ6ന്പ്രസ്താവിച്ച,"സ്വയംആഡംബരമില്ലാത്ത ജീവിതമാണ് ശുദ്ധമായ ജീവിതം. ഈശ്വരൻ ശ്രീ. കല്യാണസുന്ദരത്തിന് അത്തരമൊരു ജീവിതം നൽകി. അദ്ദേഹത്തിന്റെ തണലിൽ ദൈവികരും നീതിനിഷ്ഠമായ വഴിയിലൂടെ സഞ്ചരിക്കാൻ അനുഗ്രഹിക്കപ്പെട്ടവരുമായ അനേകം പേരുണ്ട്." ലോകരാജ്യങ്ങൾ തമ്മിലുള്ള ബന്ധം ദൃഢമാക്കാൻ കല്യാണസുന്ദരം പുതിയൊരു രീതി ആവിഷ്കരിച്ചിട്ടുണ്ടെന്നും അതിന് 'കല്യാണസുന്ദരം പദ്ധതി' എന്ന് പേരിട്ടിട്ടുണ്ടെന്നും മുൻ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റൺ പറയുകയുണ്ടായി. മുൻ ദക്ഷിണാഫ്രിക്കൻ പ്രധാനമന്ത്രി നെൽസൺ മണ്ടേല കല്യാണസുന്ദരത്തെക്കുറിച്ച് പറഞ്ഞത്: ഒരു രാജ്യത്തിന്റെ ഭാവി രാജ്യത്തെ കുട്ടികളെയും വിദ്യാർത്ഥികളെയും ആശ്രയിച്ചിരിക്കുന്നു. കഴിഞ്ഞ 50 വർഷമായി സമൂഹത്തിന്റെ ഈ വിഭാഗത്തിന് യാതൊരു പരസ്യവുമില്ലാതെ മഹത്തായ സേവനങ്ങൾ ശ്രീ. കല്യാണസുന്ദരം ചെയ്യുന്നു എന്നത് വളരെ മഹത്തരമാണ്."

## സൂപ്പർസ്റ്റാർ രജനികാന്തിന്റെ ദത്തു പിതാവ്.

അതെ, പാലം കല്യാണസുന്ദരത്തിന്റെ, ദുരിതബാധിതരെ സഹായിക്കാനുള്ള അഭിനിവേശത്തിൽ സൂപ്പർ സ്റ്റാർ രജനികാന്ത് ആവേശഭരിതനായി എന്നത് സത്യമാണ്, രജനികാന്ത് അദ്ദേഹത്തെ പിതാവായി സ്വീകരിച്ചു. സമൂഹത്തെ സേവിക്കുന്നതിനായി ജീവിതം മുഴുവൻ സമർപ്പിച്ചതിനാൽ അദ്ദേഹം ഇപ്പോഴും അവിവാഹിതനായി തുടരുന്നു.

## പ്രേരകശക്തി

നിങ്ങളുടെ സ്വന്തം ആത്മാവിനോളം വിലപ്പെട്ട മറ്റൊന്നും ഈ പ്രപഞ്ചത്തിലില്ല എന്ന ശക്തമായ സന്ദേശമാണ് ഈ മഹനായ ഐതിഹാസികൻ ലോകത്തിന് നൽകുന്നത്. മറ്റുള്ളവരോട് ദയ കാണിക്കുന്നതിൽ ഭൗതിക കാര്യങ്ങൾ നിങ്ങളുടെ ആത്മാവിനെ സ്വാധീനിക്കാൻ അനുവദിക്കരുത്.

പ്രത്യേക കഴിവുകളോ ചിറകുകളോ, ചുറ്റും മാലാഖമാരോ ഇല്ലാത്ത ഒരു സാധാരണ മനുഷ്യനായ കല്യാണസുന്ദരത്തിന് കൊച്ചുകുട്ടികൾക്ക് പുഞ്ചിരി സമ്മാനിക്കാൻ

കഴിയുമെങ്കിൽ, നമ്മൾ എന്തിനാണ് കാത്തിരിക്കുന്നത്? കല്യാണസുന്ദരത്തെപോലെഎല്ലാവരുംനിസ്വാർത്ഥരോ ദിവ്യന്മാരോ ആയിരിക്കില്ല എന്നതിൽ സംശയമില്ല; എന്നിരുന്നാലും, നമുക്ക് കുറഞ്ഞത് പരിശ്രമിക്കാൻ തുടങ്ങാം.

———————————————————————

## സുഭാഷിതം – 38

1. അനാഹൂതഃ പ്രവിശതി
അപൃഷ്ടോ ബഹു ഭാഷതേ ।
അവിശ്വസ്തേ വിശ്വസിതി
മൂഢചേതാ നരാധമഃ ॥ (വിദുരനീതി)

**अनाहूतः प्रविशति अपृष्टो बहु भाषते।**
**अविश्वस्ते विश्वसिति मूढचेता नराधमः॥**

ഈ സുഭാഷിതം ഒരു വിഡ്ഢിയുടെ സ്വഭാവവിശേഷങ്ങൾ വിവരിക്കുന്നു. അവൻ ക്ഷണമില്ലാതെ എല്ലായിടത്തും പ്രവേശിക്കുന്നു (ആത്മ അഭിമാനമില്ലാത്തതിനാൽ ക്ഷണമില്ലാതെത്തന്നെ എല്ലായിടത്തും വരുന്നു) ആവശ്യമില്ലാത്തപ്പോൾ പോലും വളരെയധികം സംസാരിക്കുന്നു (മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടുന്നു) വിശ്വാസയോഗ്യമല്ലാത്ത വ്യക്തികളെ അവൻ വിശ്വസിക്കുന്നു (ഒരു വ്യക്തിയെ ശരിയായി വിലയിരുത്തുവാനുള്ള കഴിവില്ല)

2. അഷ്ടൗ ഗുണ പുരുഷം ദീപയന്തി
പ്രജ്ഞാ സുശീലത്വ ദമൗ ശ്രുതം ച ।
പരാക്രമശ്ചബഹുഭാഷിതാ ച
ദാനം യഥാശക്തി കൃതജ്ഞതാ ച ॥

**अष्टौ गुणा पुरुषं दीपयन्ति प्रज्ञा सुशीलत्वदमौ श्रुतं च।**
**पराक्रमश्चबहुभाषिता च दानं यथाशक्ति कृतज्ञता च ॥**

എട്ട് ഗുണങ്ങളാണ് മനുഷ്യനെ പ്രകാശിപ്പിക്കുന്നത്. അവ ബുദ്ധി, ആത്മനിയന്ത്രണം, ശാസ്ത്രജ്ഞാനം, ധൈര്യം, പരിമിതമായ സംസാരം, ദാനധർമ്മങ്ങൾ ചെയ്യാനുള്ള സന്നദ്ധത, ക്ഷമ, കൃതജ്ഞത എന്നിവയാണ്.

———————————————————————

## ഭഗവത് ഗീത – രണ്ടാം അധ്യായം – സാംഖ്യയോഗം – ശ്ലോകം : (6–10)



**ശ്ലോകം – 6**

നചൈതദ്വിദ്മഃ കതരന്നോ ഗരീയോ
യദ്വാ ജയേമ യദി വാ നോ ജയേയുഃ
യാനേവ ഹത്വാ ന ജിജീവിഷാമ –
സ്തേവസ്ഥിതാഃ പ്രമുഖേ ധാർത്ത രാഷ്ട്രാഃ

ഒരു പക്ഷേ നാം ജയിച്ചേക്കാം അല്ലെങ്കിൽ നമ്മെ അവർ ജയിച്ചേക്കാം നമുക്ക് ഏതാണ് അധികം നല്ലത് ഏതെന്ന് (എന്നതിനെ ) നാം അറിയുന്നില്ല. യാതൊരുവരെത്തന്നെ ഹനിച്ചിട്ട് നാം ജീവിച്ചിരിക്കാൻ ഇച്ഛിക്കുന്നില്ലയോ ആ ധൃതരാഷ്ട്രപുത്രൻമാർ നേരെ മുമ്പിൽ നിൽക്കുന്നു.

**ശ്ലോകം – 7**

കാർപണ്യദോഷോപഹതസ്വഭാവഃ
പൃച്ഛാമി ത്വാം ധർമ്മ സംമൂഢചേതാഃ
യച്ശ്രേയഃ സ്യാന്നിശ്ചിതം ബ്രൂഹി തന്മേ
ശിഷ്യസ്തേഹം ശാധി മാം ത്വാം പ്രപന്നം.

അജ്ഞാന ദോഷംകൊണ്ട് മങ്ങിപ്പോയ സ്വഭാവത്തോടു കൂടിയവനും ധർമ്മം ഏതെന്ന് സംശയിക്കുന്ന മനസ്സോടു കൂടിയവനുമായ ഞാൻ അങ്ങയോട് ചോദിക്കുന്നു. യാതൊന്ന് എനിക്ക് ശ്രേയസ്സായി ഭവിക്കുമോ അതിനെ നിശ്ചയിച്ച് പറഞ്ഞു തന്നാലും, ഞാൻ അവിടുത്തെ ശിഷ്യനാകുന്നു, അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്നു, എന്നെ ശാസിച്ചാലും.

**ശ്ലോകം 8**

ന ഹി പ്രപശ്യാമി മമാപനുദ്യാദ്
യച്ഛോകമുച്ഛോഷണമിന്ദ്രിയാണാം
അവാപ്യ ഭൂമാവസപത്നമൃദ്ധം
രാജ്യം സുരാണാമപി ചാധിപത്യം

ഭൂമിയിൽ ശത്രുക്കളില്ലാത്തതും സമൃദ്ധിയുള്ളതുമായ രാജ്യ വും ദേവന്മാരുടെ മേല്പോലും ആധിപത്യവും ലഭിച്ചാലും ഇന്ദ്രിയങ്ങളെ ശോഷിപ്പിച്ചു കൊണ്ടിരിക്കുന്ന എന്റെ ദുഃഖത്തെ അകറ്റുന്ന യതൊന്നും ഞാൻ കാണുന്നില്ല.

**ശ്ലോകം – 9**

സഞ്ജയ ഉവാചഃ
ഏവമുക്ത്വാ ഹൃഷീകേശം
ഗുഡാകേശഃ പരന്തപഃ
ന യോത്സ്യ ഇതി ഗോവിന്ദ –
മുക്ത്വാ തൂഷ്ണീം ബഭൂവ ഹ!

സഞ്ജയൻ പറഞ്ഞു. ശത്രുതാപകാരിയായ അർജ്ജുനൻ ശ്രീകൃഷ്ണനോട് ഞാൻ യുദ്ധം ചെയ്യുകയില്ല എന്ന് പറഞ്ഞിട്ട് മിണ്ടാതിരുന്നു, ആശ്ചര്യം.

**ശ്ലോകം – 10**

തമുവാച ഹൃശീകേശഃ
പ്രഹസന്നിവ ഭാരത!
സേനയോരുഭയോർമദ്ധ്യേ
വിഷീദന്തമിദം വചഃ

ഹേ, മഹാരാജാവേ! രണ്ട് സേനകളുടേയും മദ്ധ്യത്തിൽ വ്യസനിച്ചിരിക്കുന്ന അവനോട് ശ്രീകൃഷ്ണൻ പരിഹസിക്കു ന്നവനെപോലെ ഈ വാക്കിനെ പറഞ്ഞു.

(തുടരും)

--------------------

# ക്വിസ് (വിജ്ഞാന പരീക്ഷ) – 23

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം “9447211722” എന്ന നമ്പറിലേക്ക വാട്സാപ്പ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

## ചോദ്യങ്ങൾ:

1. ശബരിമലയിലെ ത്രിവേണി സംഗമത്തിൽ സംഗമിക്കുന്ന നദികൾ ഏതാണ്?
2. കുരുക്ഷേത്രയുദ്ധത്തിൽ മരിക്കാതെ രക്ഷപ്പെട്ട ധൃതരാഷ്ട്ര പുത്രൻ?
3. പരീക്ഷിത്ത് രാജാവിന്റെ മരണ കാരണമായ സർപ്പം ഏത്?
4. ശിവ–പാർവ്വതിമാരുടെ രാജകീയ വിവാഹ വേളയിൽ ലോകം മുഴുവൻ ഹിമാലയത്തിൽ ഒത്തുകൂടി. ചരിഞ്ഞു തുടങ്ങിയ ഭൂമിയിലെ ഭാരത്തെ സന്തുലിതമാക്കാൻ തെക്കോട്ട് അയച്ചത് ആരെയാണ്?
5. മൃത്യുഞ്ജയ മന്ത്രം എഴുതിയത് ആർ, ഏത് ദൈവത്തെ സ്തുതിച്ചുകൊണ്ട്?
6. വിക്രമ സംവത്സരം ആരംഭിച്ചത് ആരാണ്, എപ്പോൾ?
7. അക്ഷര ദേവതാ ക്ഷേത്രം എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
8. സൂപ്പർസ്റ്റാർ രജനികാന്തിന്റെ ദത്ത് പിതാവ് ആരാണ്?
9. മുൻ ജന്മത്തിൽ പൂതന ആരായിരുന്നു?
10. ശബരിമല ക്ഷേത്രത്തിലെ ദ്വാരപാലകർ ആരാണ്?

## ഉത്തരങ്ങൾ (AV 01 – ക്വിസ് 22)

1. ഗജേന്ദ്രമോക്ഷം എന്ന ചരിതം താപസമന്വന്തരത്തിലാണ് നടക്കുന്നത്. അഗസ്ത്യ മുനിയുടെ ശാപത്താൽ ഇന്ദ്രദ്യുമ്ന രാജാവിന് ആനയായി ജന്മമെടുക്കേണ്ടി വന്നു.
2. വൃത്രാസുരനെ വധിക്കുവാൻ ദേവേന്ദ്രൻ ഉപയോഗിച്ച വിശേഷപ്പെട്ട ആയുധം ദധീചി മഹർഷിയുടെ വാരിയെല്ലുകൾ കൊണ്ട്നിർമ്മിച്ച വജ്രായുധം.
3. നാം ജീവിക്കുന്ന മന്വന്തരം എന്ന കാലഘട്ടത്തിന്റെ പേര് വൈവസ്വത മന്വന്തരം. അടുത്തത് സാവർണ്ണി, വാമനൻ മോക്ഷം നൽകിയ മഹാബലിയാണ് ഇതിലെ മനു. (സ്വായംഭുവൻ, സ്വാരോജിഷൻ, ഔത്തമി, താപസൻ, രൈവതൻ, ചാക്ഷുഷൻ, വൈവസ്വതൻ, സാവർണ്ണി, ദക്ഷസാവർണ്ണി, ബ്രഹ്മസാവർണ്ണി, ധർമ്മസാവർണ്ണി, രുദ്രസാവർണ്ണി,

രൗച്യ ദൈവസാവർണ്ണി, ഇന്ദ്രസാവർണ്ണി എന്നീ 14 മനുക്കൾ ഭൂലോകം മാറി മാറി ഭരിക്കുന്നു)

4. സ്വർഗ്ഗലോകത്തിന്റെ തലസ്ഥാനം – അമരാവതി.

5. ശ്രീകൃഷ്ണന്റെ ദേഹത്യാഗത്തിന് കാരണക്കാരനായ വേടന്റെ പേര് – ജരൻ. ജരന് പൂർവ്വജന്മത്തിൽ വാനര രാജാവായ ബാലിയായിരുന്നു. അന്ന് ശ്രീരാമചന്ദ്രൻ ബാലിയെ അമ്പെയ്തതിന്റെ പകരമാണ് ജരൻ ഭഗവാൻ ശ്രീകൃഷ്ണനെ അമ്പെയ്തത്.

6. ബൃഹദ്രഥരാജാവിന്റെ പത്നിമാർ രണ്ടുപേരും ഒരു പുത്രന്റെ പപ്പാതി പ്രസവിക്കുകയും ഭയപ്പെട്ട് ദൂരെ എറിഞ്ഞു കളയുകയും ചെയ്തു. അനന്തരം ജര എന്ന പേരുള്ള നരമാംസഭോജിനിയായ രാക്ഷസി അവയെ എടുത്തു കൊണ്ടുപോയി ഒന്നായി വെച്ചു. രാജാവു ശിശുവിനു ജരാസന്ധൻ (ജരയാൽ ചേർക്കപ്പെട്ടവൻ ) എന്നു നാമധേയം നൽകി.

7. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനം ആഘോഷിക്കുന്നത് – പരാക്രം ദിവസ് എന്ന പേരിലാണ്, എല്ലാവർഷവും ജനുവരി 23നു.

8. പിതൃ തർപ്പണത്തിനും ബലി കർമ്മങ്ങൾക്കും പ്രസിദ്ധമായ തിരുനെല്ലി ക്ഷേത്രം കേരളത്തിൽ വയനാട് ജില്ലയിൽ, മഹാവിഷ്ണുവാണ് പ്രധാന ദേവൻ

9. ഹിന്ദുധർമ്മ സംരക്ഷണത്തിന് വേണ്ടി പോരാടി, ധീര രക്തസാക്ഷിയായ മഹാത്മാ മുൻഷിറാംവിജ് "സ്വാമി ശ്രദ്ധാനന്ദ സരസ്വതി" എന്ന പേരിലാണ് അറിയപ്പെടുന്നത്.

10. ഈ വർഷം – 2023–ൽ ശബരിമലയിലെ ഉത്സവം കൊടിയേറുന്നത് മാർച്ച് 27–ന്, ആറാട്ട് & പങ്കുനി ഉത്രം ഏപ്രിൽ 5–നു. ഉത്സവത്തിനായി മാർച്ച് 26–നു വൈകീട്ട് 5 മണിക്ക് ക്ഷേത്രം തുറക്കുന്നു, ഏപ്രിൽ 5–നു രാത്രി 10 മണിക്ക് നട അടയ്ക്കുന്നു.

---

മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:

ആരുമില്ല

---

## വാർത്തകൾ

* ഇന്ന്, 2023 മാർച്ച് 08, ഉത്രം – സ്വാമി അയ്യപ്പന്റെ ദിവ്യമായ ജന്മനക്ഷത്രത്തിന്റെ ശുഭദിനം. SASS ന്റെ നിർദ്ദേശപ്രകാരം, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ദീപാരാധന, ഭജന, നീരാജനം തുടങ്ങിയവയോടെ ഉത്രം പൂജ നടത്തുന്നു.

* SASS–ന്റെ 'നാഷണൽ മാനേജ്മെന്റ് കമ്മിറ്റി' യോഗം ഫെബ്രുവരി 11,12 തീയതികളിൽ ബാംഗ്ലൂരു വെച്ച് നടന്നു.

* ഹരിവരാസനം ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 2023 ഫെബ്രുവരി 19 – ന് ചെന്നൈയിൽ 'അയ്യപ്പൻ തിയ്യാട്ടം, പന്തീരായിരം തേങ്ങയേറും'

നടന്നു. തൃപ്പൂണിത്തുറ തിയ്യാടി രാമൻ നമ്പ്യാർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

---

## അയ്യപ്പയോഗം –

### മാതൃകാ സമയക്രമം, വിഷയങ്ങൾ

(ആഴ്ചയിൽ ഒരു ദിവസം വൈകിട്ട് 7.00 മണിക്ക് ആരംഭിക്കുന്ന എന്ന സങ്കല്പത്തിൽ)

| | |
|---|---|
| 7.00 ദീപപ്രജ്വാലനം... | 02 മിനുട്ട് |
| 7.02 പ്രാർത്ഥന. | 08 |
| 7.10 ഭജന. | 15 |
| 7.25 ഗീതാ ശ്ലോകം | 05 |
| 7.30 വിഷയം/കഥ ..... | 15 |
| 7.45 ചർച്ച/വാർത്ത... | 15 |
| 8.00 സുഭാഷിതം. ..... | 05 |
| 8.05 ദീപാരാധന, സ്തോത്രം . | 10 |

(ആകെ 1 മണിക്കൂർ 15 മിനുട്ട് – സമയം ഒരു മണിക്കൂർ മുതൽ ഒന്നര മണിക്കൂർവരെയാകാം)

* ശരണ ഘോഷത്തോടെ ദീപപ്രജ്വാലനം. (ഗുരുസ്വാമി / ഏറ്റവും മുതിർന്ന വ്യക്തി).
* പ്രാർത്ഥന. (SASS ന്റെ പ്രാർത്ഥന ഓരോ വരിയായി ഒരാൾ ചൊല്ലുന്നു, എല്ലാവരും ഏറ്റു ചൊല്ലുന്നു).
* ഭജന. (മറ്റുള്ളവർക്ക് ഏറ്റു ചൊല്ലുവാൻ പറ്റുന്ന രീതിയിൽ ചെറിയ വരികൾ. ആദ്യം ഗണപതി, സരസ്വതി, പിന്നീട് അയ്യപ്പൻ, കൃഷ്ണൻ, ശിവൻ.. ഏതു ദേവനെ/ ദേവിയെ കുറിച്ചും ആകാം).
* ഗീതാശ്ലോക പാരായണം – ഓരോ വരിയായി ഒരാൾ ഈണത്തിൽ ചൊല്ലി കൊടുക്കണം, മറ്റുള്ളവർ ഏറ്റുചൊല്ലണം. ഒരു ശ്ലോകം ചൊല്ലിക്കഴിഞ്ഞ്, അതിന്റെ അർത്ഥം പറയണം, ഏറ്റു പറയേണ്ടതില്ല. തുടർന്ന് അടുത്ത ശ്ലോകം. ഒരു യോഗത്തിൽ 5 ശ്ലോകങ്ങൾ. 4 ആഴ്ച്ച തുടർച്ചയായി ഒരേ 5 ശ്ലോകങ്ങൾ ആകാം, അടുത്ത മാസം അടുത്ത 5 ശ്ലോകങ്ങൾ):
* ഒരു മാസത്തിലെ 4 യോഗങ്ങളിൽ ആദ്യത്തെ ആഴ്ചയിൽ/ യോഗത്തിൽ ഒരു വിഷയം : ഒരാൾ ചുരുക്കി പറയുകയോ വായിക്കുകയോ ആകാം.
  രണ്ടാമത്തെ ആഴ്ച/യോഗം: രണ്ടാമത്തെ വിഷയം:
  മൂന്നാം യോഗം: മറ്റൊരു വിഷയം, ഭാരത പൈതൃകം
  നാലാമത് യോഗം: കഥ
* എല്ലാ യോഗങ്ങളിലും ചെറിയരീതിയിൽ ചർച്ച, പുതിയവരെ പരിചയപ്പെടുത്തൽ, പ്രാദേശിക കാര്യങ്ങൾ, സ്നേഹാന്വേഷണങ്ങൾ, അറിയിപ്പുകൾ... ആകാം.
* സുഭാഷിതം: ഓരോ വരിയായി ഒരാൾ ഈണത്തിൽ ചൊല്ലി കൊടുക്കണം, മറ്റുള്ളവർ ഏറ്റുചൊല്ലണം. ചൊല്ലിക്കഴിഞ്ഞ് അതിന്റെ അർത്ഥം പറയണം, ഏറ്റു

പറയേണ്ടതില്ല. വീണ്ടും ഒരിക്കൽക്കൂടി ചൊല്ലിക്കൊടുക്കണം, ഏറ്റു ചൊല്ലണം.

* മഹാശാസ്താ പഞ്ചരത്ന സ്തോത്രം ചൊല്ലിക്കൊണ്ടു ദീപാരാധന നടത്തി, ശരണ ഘോഷത്തോടെ യോഗം അവസാനിപ്പിക്കാം.

---------------------------------------------

ഓരോ 27 ദിവസം കൂടുമ്പോൾ അയ്യപ്പ വാണിയിൽ അടുത്ത 4 യോഗങ്ങൾക്കുള്ള വിഷയങ്ങൾ കൊടുക്കുന്നുണ്ട്.

ഉദാഹരണത്തിന്: ഈ അയ്യപ്പവാണിയിൽ കൊടുത്തിട്ടുള്ള – 1. ഹരിവരാസനം, 2. ഷോഡശ സംസ്കാരങ്ങൾ, 3. ശിവരാത്രി, 4. വിക്രമാദിത്യൻ, 5. പൗർണ്ണമിക്കാവ്, മുതലായവ. ഒരു യോഗത്തിൽ ക്വിസ് ചർച്ച ചെയ്യാം. സുഭാഷിതം, ഗീതാ ശ്ലോകങ്ങൾ കൊടുക്കുന്നുണ്ട്.

കൂടാതെ, ധർമ്മശാസ്താ അഷ്ടോത്തരം, വിഷ്ണുസഹസ്ര നാമം, ശിവ പഞ്ചാക്ഷരം, ദേവീ സ്തോത്രങ്ങൾ തുടങ്ങിയവയും, നമ്മുടെ പ്രാർത്ഥന, മഹാശാസ്താ പഞ്ചരത്ന സ്തോത്രം എന്നിവയും അച്ചടിച്ച് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യാവുന്നതാണ്, പാരായണം ചെയ്യാവുന്നതാണ്.

പ്രാദേശികമായ സൗകര്യങ്ങൾക്കനുസരിച്ച് അനുയോജ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

**ശബരിമല ക്ഷേത്രം തുറക്കുന്ന / അടയ്ക്കുന്ന തീയതികൾ.**
**അടുത്ത 27 ദിവസങ്ങൾക്കുള്ളിൽ.**

തുറക്കുന്നത് : മാർച്ച് 14-ന് വൈകീട്ട് 5 മണിക്ക് – മീനമാസ പൂജയ്ക്ക്.
അടയ്ക്കുന്നത്: 19-ന് രാത്രി 10 മണിക്ക്.
വീണ്ടും, തുറക്കുന്നത് : മാർച്ച് 26-ന് വൈകീട്ട് 5 മണിക്ക് – ഉത്സവത്തിന്.
അടയ്ക്കുന്നത്: ഏപ്രിൽ 5-ന് രാത്രി 10 മണിക്ക്.

****************

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, പി. ഷൺമുഖാനന്ദൻ, നാഷ്ണൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി, നാഷ്ണൽ അഡ്മിനിസ്ട്രേഷൻ ഓഫീസ്, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ, കേരളം – 680010, നിന്ന് പ്രസിദ്ധീകരിക്കുന്നത്